

# സോപാനം

## ശ്രീ ശാരദ ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ

## പുറനാട്ടുകര

2018 -2019

little KITEs

# പത്രാധിപ സമിതി



- നന്ദന സി വി (ചീഫ് എഡിറ്റർ)
- അനുശ്രീ കെ എസ്
- നന്ദന ഇ ബി
- അനശ്വര ടി എസ്
- അനശ്വര ഇ ബി
- ആദിത്യ കെ ആർ
- ദേവനന്ദ മേനോൻ
- പാർവ്വതി ജെ (കവർ പേജ്)
- ആദിത്യ വി (കവർ പേജ്)

# താളുകളിലൂടെ


**കഥ**

സമാഗമം 10
ആ കാത്തിരിപ്പ് 26
അന്നയുടെ പൂന്തോട്ടം 38
ആൽമരക്കുട്ടന്റെ അഹങ്കാരം 44
പട്ടം പറക്കട്ടെ 46
വമ്പനും വില്ലനും 53
പരസ്പര സഹായം 49

**കവിത**

അമ്മ 8
ഒരുനാൾക്കൂടി 9
വൃക്ഷം 19
വിദ്യാലയം 25
ജലം 32
മഴ 33
കാത്തിരിപ്പ് 37
ബാല്യം 41
ചുവന്ന വാക 43
സ്വപ്ന മഴ 47
നമ്മെ വളർത്തിയ അമ്മ 55

**ലേഖനം**

ബാലഭാസ്കറിന് പ്രണാമം 12
നവകേരള സൃഷ്ടിയ്ക്കായി 15
പ്രളയം കൊളുത്തിയ ദുരിതം 23
ഒറിഗാമി ചരിത്രം 30
പന്തുകളിച്ചാൽ തല പോകും 42

**ശാസ്ത്രക്കുറിപ്പ്**

നമ്മൾ ജീവിക്കുന്നത് ഭൂമിയിലാണ് 34
ഓസോൺ നാശം 17

**ജീവചരിത്രം**

സ്റ്റീഫൻ ഹോക്കിങ് 51

**യാത്രാവിവരണം**

ഉല്ലാസത്തിന്റെ മായാജാലം 20

**അഭിമുഖം**

പ്രവ്രാജിക വിമലപ്രാണാ 13

**അനുഭവക്കുറിപ്പ്**

കുഞ്ഞു പട്ടങ്ങൾ 57

**പുസ്തക പരിചയം**

മരണ സർട്ടിഫിക്കറ്റ് 56

# ആമുഖം

പൊതുവിദ്യാലയങ്ങൾ ശക്തിയാർജിച്ചുകൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ ഗുണമേന്മയുള്ള വിദ്യാഭ്യാസം ഓരോ കുട്ടിയുടേയും അവകാശമാണ്. ലോകം തന്നെ സ്വന്തം കൈക്കുമ്പിളിൽ കൊണ്ടുനടക്കുന്ന കാലമാണിന്ന്. അറിവ് നേടുന്നതിൽ സാങ്കേതിക വിദ്യകൾക്ക് നിർണായക സ്ഥാനമുണ്ട്. പഠന സാഹചര്യങ്ങളിൽ വലിയൊരു മാറ്റം വരുത്താനായി സാങ്കേതിക വിദ്യകൾക്കായിട്ടുണ്ടെന്നതിൽ തർക്കമില്ല.

പൊതുവിദ്യാലയങ്ങൾ ഹൈടെക്കായിക്കൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ കുട്ടികളെ അറിവിന്റെ അനന്ത വിഹായസിലെത്തിക്കാനുള്ള ധാരാളം പ്രവർത്തനങ്ങൾ വിദ്യാലയങ്ങളിൽ നടപ്പിലാക്കുന്നുണ്ട്. ഇതിന്റെ ഒരു ഭാഗമായ 'ലിറ്റിൽ കൈറ്റ്സ് ' എന്ന പദ്ധതിയിലൂടെ സാങ്കേതിക രംഗത്ത് മികവും താല്പര്യവും ഉള്ളവരെ കണ്ടെത്തുകയും പ്രോത്സാഹിപ്പിക്കുകയുമാണ് ചെയ്യുന്നത്. നവീന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് വിവിധ നിർമ്മാണ പ്രവർത്തനങ്ങളിൽ പങ്കാളികളാവാനുള്ള അവസരം ഇതിലൂടെ വിദ്യാർത്ഥികൾക്ക് ലഭിക്കുന്നു. വിവര സാങ്കേതിക വിദ്യയിൽ മികവും സാമൂഹിക പ്രതിബദ്ധതയുമുള്ള ഒരു പുതുതലമുറയെ വാർത്തെടുക്കുകയാണ് ഇതിന്റെ ലക്ഷ്യം.

ഈ പദ്ധതിയുടെ ഭാഗമായി കുട്ടികൾ രൂപകല്പന ചെയ്തതാണ് **സോപാനം** എന്ന ഡിജിറ്റൽ മാസിക.





# സന്ദേശം



നാം ജീവിക്കുന്ന ഈ ഡിജിറ്റൽ യുഗത്തിൽ വിദ്യാഭ്യാസമേഖലയിൽ കാലാനുസൃതമായ മാറ്റങ്ങൾ വരേണ്ടത് വളരേ ആവശ്യമാണ്. ആധുനിക സാങ്കേതിക വിദ്യകളിൽ  നൈപുണ്യവും വൈദഗ്ധ്യവുമുള്ളവരെ കണ്ടെത്തി പരിപോഷിപ്പിക്കുന്ന ലിറ്റിൽ കൈറ്റ്സിന്റെ ഭാഗമായി രൂപപ്പെടുത്തിയ 'സോപാനം' എന്ന 'ഇമാഗസിൻ' തികച്ചും വ്യത്യസ്തമാർന്ന ഒരു പഠനാനുഭവമായി തീരട്ടെ....

അറിവിന്റെ പടികൾ കയറുന്ന ഈ കുട്ടികൾക്കും അവർക്ക് കൈത്താങ്ങായ അധ്യാപകർക്കും എല്ലാ വിധ പ്രചോദനവും സ്നേഹവും....

ബൗദ്ധികതയുടെയും സർഗ്ഗാത്മകതയുടെയും സമന്വയമായ ഈ സംരംഭത്തിന് എല്ലാവിധ അഭിനന്ദനങ്ങളും ....

മൂല്യബോധവും കൂട്ടായ്മയും ഉയർന്ന ജീവിതവീക്ഷണവുമുള്ള ഒരു പുതുതലമുറയായി തീരട്ടെ എന്നാശംസിച്ചുകൊണ്ട്

സ്നേഹത്തോടെ ......

സുമ എൻ കെ (പ്രധാന അധ്യാപിക)

"ആത്മനോ മോക്ഷാർത്ഥം ജഗത്ഹിതായ ച" എന്ന സ്വാമി വിവേകാന്ദന്റെ ആദർശത്തെ സാക്ഷാത്കരിക്കാൻ ശ്രമിക്കുന്ന ഒരു മഹത് സ്ഥാപനമാണ് ശ്രീശാരദാമഠം. പൂജനീയ ത്യാഗീശാനന്ദ സ്വാമികളുടെ ദീർഘദർശിത്വവും ത്യാഗോജ്ജ്വലവുമായ പ്രവർത്തനവും ഈ സ്ഥാപനം വളർന്നു വലുതാകാൻ സഹായിച്ചു. ഇപ്പോൾ കൽക്കത്തയിലെ ദക്ഷിണേശ്വരം ശാരദാമഠത്തിന്റെ അധീനതയിൽ ഈ സ്ഥാപനം പ്രവർത്തിക്കുന്നു. 1962 ജൂൺ മാസം 4-ാം തീയ്യതി ശ്രീരാമകൃഷ്ണ ഗുരുകുല വിദ്യാമന്ദിരം ഹൈസ്കൂളിലെ പെൺകുട്ടികളുടെ വിഭാഗം ശ്രീ ശാരദാ ഗേൾസ് സ്കൂളായി മാറുകയും ശ്രീ ശാരദാ മഠത്തിനു കീഴിൽ സ്വതന്ത്രമായി പ്രവർത്തിക്കാൻ ആരംഭിക്കുകയും ചെയ്തു. 2000-ൽ ഹയർ സെക്കണ്ടറി വിഭാഗം നിലവിൽ വന്നു. ശ്രീശാരദാ ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ കേവല വിദ്യാഭ്യാസത്തിനു പുറമെ സ്വഭാവരൂപീകരണം ബ്രഹ്മചര്യനിഷ്ഠ, ആധ്യാത്മിക പരിശീലനം മുതലായവയും ലക്ഷ്യമാക്കുന്നതിനൊപ്പം സ്ത്രീകളുടെ ഉന്നമനത്തിനായും പ്രവർത്തിക്കുന്നു.



# അമ്മ

സുരമ്യ എം എസ്



അമ്മയാം ആലിന്റെ തണലത്തു

ഞാൻ കഴിഞ്ഞിരുന്നൊരു കാലം

വെയിലിന്റെ ആഘാതം

ഏറ്റെടുത്തുകൊണ്ടെൻ നേർക്കു

ചൊരിയുന്ന ഹിമകണങ്ങളെ

സ്നേഹിക്കയാൽ

ഞാൻ അറിഞ്ഞിരുന്നില്ല

അമ്മയൊരു കണ്ണീർകടലാണെന്ന്

ആയിരമായിരം ആണ്ടുകൾ

പിന്നീടും അമ്മതൻ മാറിലെ

ചൂടെനിക്കൊരു അനുഗ്രഹമായി

നോവിൽ നോവിക്കും

ഹൃദയത്തിനിടിപ്പും എനിക്കായി

ചെലവഴിച്ചതാണിന്നലെ

ചത്തുവീഴും നേരത്തു നിന്നിലെ

മാനസം ഞാനറിഞ്ഞു



# ഒരുനാൾകൂടി

ജ്യോതിക.വി.എസ്

വഴിമാറിപോയൊരാ കാറ്റിന്റെ കാലടി-

യൊച്ചകളൊന്നും കേട്ടീലാഞാൻ

കാലങ്ങൾതെറ്റി പെയ്തൊരാ മഴതന്റെ

ശബ്ദങ്ങളെല്ലാം മറന്നിന്നുഞാൻ

ഇനിയുള്ള യുഗയുഗാന്തരങ്ങളനുഭവിച്ചീടുമോ

നാമറിഞ്ഞിട്ടുള്ളയീ കാലവർഷം

വരുന്നതെല്ലാം 'ശുഭ'മെന്ന പ്രതീക്ഷയിൽ

കഴിയേണം മാനുഷരുള്ളകാലം.........

കഴിയേണം മാനുഷരുള്ളകാലം........

കഴിഞ്ഞൊരാ നാളുകളിൽ നാമധിജീവിച്ച

പ്രളയത്തിലൊരിറ്റുജലം ബാക്കിയാൽ

ജീവിക്കാമൊരുദിനം കൂടിയാ കൊടുംവേനൽ

അതിജീവിച്ചൊരു നാളുകൂടി..........



# സമാഗമം

കൃഷ്ണാഞ്ജലി.എം.എം

ചൂടുള്ള മണൽതരികളെ തഴുകിയെത്തിയകാറ്റ് തഴുകുന്നതുകൊണ്ടാവാം അവന്റെ നെറ്റിയിൽ നിന്നും വിയർപ്പുകണങ്ങൾ ഒലിച്ചിറങ്ങുന്നുണ്ടായിരുന്നു. ചലിക്കുന്ന മെഷീനുകളുടെ ശബ്ദത്തിനൊപ്പം അവന്റെ ജോലിയും താളാത്മകമായിതുടരുകയാണ്.പെട്ടെന്നാണ് കമ്പനിയിലെ മുതിർന്ന ഉദ്യോഗസ്ഥൻ അവന്റെ അടുത്തേക്ക് വന്നത് . "മി. സിദ്ധാർത്ഥ്, നിങ്ങളുടെ ലീവിനുള്ള അപേക്ഷ ശരിയായിട്ടുണ്ട്".അയാൾ തന്റെ കഠിനസ്വരത്തിൽ പറഞ്ഞു. ആ ചൂടുള്ള അന്തരീക്ഷത്തിലും ഒരു തണുത്ത കാറ്റ് അവനിലേക്ക് വീശിയടിക്കുന്നതായി അവനു തോന്നി.


ജോലിതീർന്ന ശേഷം മുറിക്കരികിലെ ബാൽക്കണിയിലിരുന്നുക്കൊണ്ട് ചായകുടിച്ചുക്കൊണ്ട് നഗരകാഴ്ചകൾ കാണുമ്പോഴും ആ മനസ്സുനിറയെ അവന്റെ ഗ്രാമം കാണാമായിരുന്നു. നാട്ടിലെ തോട്ടം കാവും അമ്പലങ്ങളും ഉത്സവങ്ങളും കുടുംബവും  കൂട്ടുക്കാരും ........ ലീവ് കിട്ടിയ വിവരം അവൻ വീട്ടിലറിയിക്കാനായി വീട്ടിലേക്ക് ഫോൺ ചെയ്തു.

മഴ പെയ്യുന്ന ആ രാത്രിയിൽ അവന്റെ ഫോൺ വിളിക്കായ് കാത്തിരിക്കുകയായിരുന്നു ആ കുടുംബം. അവന്റെ വരവറിഞ്ഞ ശേഷം കൊടും വേനലിൽ മഞ്ഞുവീണ സുഖത്തോടെ സന്തോഷിച്ചു. ആ മാതാപിതാക്കൾ തന്റെ മകൻ വരുന്ന സന്തോഷത്തിലും, ആ ഭാര്യ തന്റെ ഭർത്താവ് വരുന്ന സന്തോഷത്തിലും, ആ കുട്ടി തന്റെ പിതാവിനെ കാണാമെന്ന സന്തോഷത്തിലായിരുന്നു ചൂടൻ മരുഭൂമിയിൽ നിന്ന് മലനാട്ടിലേക്ക് പോകാൻ അവന് തിടുക്കം കൂടുകയാണ്. കാത്തിരിപ്പിൻ നാളുകൾ അടുക്കുന്തോറും ആ മനസ്സിൽ എന്തെന്നില്ലാത്തൊരനുഭൂതിയാണ്. ജോലിയുടെ കാഠിന്യം പോലും നാടിന്റെ ഓർമ്മകൾ കൊണ്ട് അവനറിഞ്ഞിരുന്നില്ല.

വർണ്ണവിളക്കുകൾ തൂക്കിയ ആ തെരുവുവീഥിയിലൂടെ നടക്കുമ്പോൾ ആ പ്രകാശം അവന്റെ നെറ്റിയിലും കണ്ണിലും പ്രകാശിച്ചു കാണാമായിരുന്നു. വർണകടലാസ്സുകൊണ്ട് പൊതിഞ്ഞ മിഠായികൾ,പുഞ്ചിരിക്കുന്ന കളിപ്പാവകൾ,സുഗന്ധമുള്ള അത്തറുകൾ എന്നിങ്ങനെ കട നിറയെ സാധനങ്ങളാണ്. സാധനങ്ങൾ പെട്ടിയിലാക്കിക്കൊണ്ടിരിക്കുമ്പോൾ ഇനി മൂന്നു

ദിവസത്തിനു ശേഷം താൻ നാട്ടിലെത്തുമെന്ന ചിന്ത അവന്റെ മനസ്സിൽ മന്ത്രിച്ചുകൊണ്ടേയിരുന്നു.ദിവസങ്ങൾ കഴിയുന്തോറും അവനിൽ പുതിയ സ്വപ്നങ്ങൾ ചിറകെടുത്തു വരാൻ തുടങ്ങി. ചാരത്തിൽ നിന്നുയർത്തെഴുന്നേറ്റ ഫീനിക്സ് പക്ഷിയെപ്പോലെ അവൻ ആഹ്ലാദിച്ചു. കാത്തിരിപ്പിനൊടുവിൽ നാട്ടിലേക്കു പോകേണ്ട ദിവസമെത്തി. ഒരുപിടി ഓർമ്മകളും പ്രതീക്ഷകളുമായി അവൻ പറന്നുയർന്നു.ആ വീടുണർന്നു. അവർ അവനു വേണ്ടി പ്രതീക്ഷയുമായി കാത്തുനിൽക്കുകയാണ്. അവനു വേണ്ടി പ്രതീക്ഷയുമായി കാത്തു നിൽക്കുകയാണ്. അവനു വേണ്ടി അവർ അവനു പ്രിയപ്പെട്ട മാമ്പഴപുളിശ്ശേരിയും ഉള്ളിതീയലും ഉണ്ടാക്കിയിട്ടുണ്ട്. ഫ്ലൈറ്റിൽ നിന്നിറങ്ങി കാർ യാത്ര തുടങ്ങിയ അവന് ജയിൽമോചിതനായ ഒരു കുറ്റവാളിക്കു കിട്ടിയ സ്വാതന്ത്ര്യമനുഭവപ്പെട്ടു. കാറിലൂടെ പുറം കാഴ്ച്ചകൾ കണ്ടുകൊണ്ടിരിക്കെ മരുഭൂമിയിലെ മണൽ ആ ഓർമ്മകളിൽ നിന്ന് ഓടി മാറി. ഈ പാടവും,പുഴയും,തോടും,കാടും,മേടും,ചുറ്റും പച്ചപ്പ് മാത്രം കാണുന്ന ഗ്രാമവും ആ മണൽതരികളെക്കാൾ വിലപ്പെട്ടതായി അവനു തോന്നി.

വീടടുക്കാറായി അവൻ ബാഗിൽ നിന്നും വർണ്ണകടലാസ്സുകൾ കൊണ്ടു പൊതിഞ്ഞ മിഠായി പൊതിയെടുത്തു, വീട്ടിലെത്തിയാൽ ഉടൻ അതു മകൾക്കു നൽകാൻ .





# ബാലഭാസ്കറിന് പ്രണാമം

നന്ദന സി വി



കാൽ നൂറ്റാണ്ടിലേറെയായി മലയാളികളുടെ സംഗീത വേദികളിൽ വെളിച്ചം പകർന്നു നിന്ന ആ ഉദയസൂര്യൻ അപ്രതീക്ഷതമായി മാഞ്ഞുപോയപ്പോൾ ഇരുട്ടിലായത് ലക്ഷക്കണക്കിന് ആരാധക മനസ്സുകളാണ്. മലയാളികളെ നൊമ്പരപ്പെടുത്തി അകാലത്തിൽ മാഞ്ഞുപോകുമ്പോൾ ഓർമ്മയാകുന്നത് മികച്ച ഈണങ്ങളും മായാത്ത പുഞ്ചിരിയും ആണ്. നന്നേ ചെറുപ്പത്തിൽ തന്നെ വയലിൻ പൊതുവേദികളിൽ എത്തിയ ബാലഭാസ്കർ സംഗീതത്തിന്റെ തീരത്ത് കൂടെ നടക്കുകയല്ല സംഗീത സാഗരമായി തീരുകയാണ്.



## അഭിമുഖം – പ്രവ്രാജിക വിമല പ്രാണാ മാതാജി

അനുശ്രീ കെ എസ്



വിദ്യാലയ ചരിത്രം തേടി എന്ന പ്രോജക്ടിന്റെ ഭാഗമായി വിദ്യാലയം ആരംഭിച്ച കാലഘട്ടം മുതൽ സ്കൂളിൽ സേവനമനുഷ്ഠിച്ച് 1983 ൽ വിരമിച്ച പ്രവ്രാജിക വിമല പ്രാണാ മാതാജിയുമായി കുട്ടികൾ നടത്തിയ അഭിമുഖം. 5-ാം വയസ്സിൽ ഇവിടെ എത്തിച്ചേർന്ന് 1962-ൽ സന്യാസം സ്വീകരിച്ച മാതാജിയുടെ യഥാർത്ഥ നാമം ദാക്ഷായണി എന്നാണ്.



- നമസ്കാരം മാതാജി..... മാതാജി ഇവിടെ എത്തിച്ചേരാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ?

ചെറുപ്പത്തിൽ തന്നെ മാതാപിതാക്കൾ മരിച്ചുപോയി. പിന്നീട് എന്നെ വളർത്തിയത് ചെറിയമ്മമാർ ആണ്. അവരാണ് എന്നെ ഇവിടെ എത്തിച്ചത്.

- അന്നു വരുമ്പോൾ ഈ ശാരദാമഠം ഉണ്ടായിരുന്നോ?

ഉണ്ടായിരുന്നില്ല. അക്കാലത്ത് ശ്രീരാമകൃഷ്ണ മഠത്തിനടുത്തുള്ള കെട്ടിടത്തിലായിരുന്നു ഞങ്ങളുടെ താമസം.ലക്ഷ്മി എന്നൊരു കുട്ടി കൂടെ പഠിച്ചിരുന്നതായി ഓർമ്മയുണ്ട്. കുട്ടികളുടെ എണ്ണം വർധിച്ചപ്പോൾ വിളക്കുകാലിനരികിലുള്ള ഒരു വീട്ടിലേയ്ക്ക് താമസം മാറി.പിന്നീട് വീണ്ടും മാനിടത്തുള്ള ഡോക്ടർ ദാക്ഷായണിയുടെ വീട്ടിലേക്ക്.ആദ്യം ഇവിടേയ്ക്കു വന്ന രണ്ടു പെൺകുട്ടികളുടെ പേര് കൊച്ചമ്മു, ഭാരതി എന്നിങ്ങനെ

ആയിരുന്നു.

- എന്നാണ്  ശാരദാമഠം ഹോസ്റ്റൽ നിലവിൽ വന്നത്?

1948 ലാണ്  ഹോസ്റ്റൽ നിലവിൽ വന്നത്. യതീശാനന്ദ സ്വാമികളുടെ നിർബന്ധപ്രകാരമാണ് മഠം സ്ഥാപിതമായത്. ഹോസ്റ്റൽ നിർമ്മിക്കാനാവശ്യമായ സ്ഥലം രണ്ടോ അഞ്ചോ രൂപയ്ക്കാണ് വാങ്ങിയത്. ഈ സ്ഥലം മുഴുവൻ ഒരു സ്ത്രീയുടേതാണ്. അക്കാലത്ത് ഇവിടെ നിറച്ചും കശുമാവിൻതോപ്പ് ആയിരുന്നു. ഈ ഹോസ്റ്റലിനു മുൻവശം ആളുകൾ നടവഴിയായും ഉപയോഗിച്ചിരുന്നു.

- വിദ്യാലയം പണിയുന്നതിനാവശ്യമായ ധനസമാഹരണം എപ്രകാരമായിരുന്നു?

അന്തരാത്മാനന്ദ സ്വാമികൾ ഡൽഹിയിൽ നിന്നും ധനം സമാഹരിച്ചിരുന്നു.

- മാതാജി എന്നാണ് സന്യാസം സ്വീകരിച്ചത്?

1962-ലാണ് സന്യാസം സ്വീകരിച്ചത്. എന്നോടൊപ്പം നാലുപേരും കൂടി സന്യാസം സ്വീകരിച്ചു. ധീരപ്രാണാ മാതാജി, മേധാപ്രാണാ മാതാജി, വിജയപ്രാണാ മാതാജി, അജയപ്രാണാ മാതാജി. ഇവരിൽ ധീരപ്രാണാ മാതാജി, മേധാപ്രാണാ മാതാജി, വിജയപ്രാണാ മാതാജി എന്നിവർ സമാധിയായി. അജയപ്രാണാ മാതാജി തിരുവനന്ത പുരത്തെ മഠത്തിലാണ്.

നന്ദി മാതാജി!



# നവകേരള സൃഷ്ടിക്കായി



അപർണ്ണ.കെ.ജി



പ്രകൃതി കൊണ്ട് ഏറ്റവും അനുഗ്രഹീതയായി അഹങ്കരിക്കുന്ന നമ്മുടെ നാടിനെ പ്രകൃതിതന്നെ വേട്ടയാടിയ കുറച്ചുനാളുകൾ ആണ് കഴിഞ്ഞുപോയത്. വെള്ളപ്പൊക്കത്തിൽ ഒറ്റപ്പെട്ടുപോയ ഗർഭിണികളുടെ കരച്ചിലും,ഭക്ഷണവും വെള്ളവും കിട്ടാതെ കുട്ടികളുടെ കരച്ചിലും ,വെള്ളം ഉയർന്നതിനെ തുടർന്ന് മറ്റ് ആശുപത്രികളിലേക്ക് പാഞ്ഞുപോയ ആംബുലൻസുകളുടെ ഒച്ചപ്പാടും മാത്രമായിരുന്നു നമ്മുടെ കാതുകളിൽ.

ഇത് നമുക്ക് പാഠമാണ് .ഇപ്പോൾ നഷ്ടപ്പെട്ടതിനെയോർത്ത് കരയാതെ കേരളത്തിന്റെ പുനർനിർമിതിക്കായി മുന്നിട്ടിറങ്ങുക .ഇഷ്ടപ്പെട്ട ഒരു ലോകത്തെ കഷ്ടപ്പെട്ട് ഇഷ്ടപ്പെട്ട് വളർത്തിയെടുക്കുക. കേരളത്തിന് പുറത്ത് അറബ് രാഷ്ട്രങ്ങളിലെ ഓരോ മണൽ തരികളും കെട്ടിടങ്ങളും മലയാളിയുടെ വിയർപ്പിന്റെ കഥ പറയും എന്നുറപ്പാണ്. ലോകത്തിലെ എല്ലാം ഉണ്ടാക്കാൻ മുൻകൈയെടുത്ത മലയാളിക്ക് അവന്റെ നാടിനെ

പുനർനിർമിക്കാൻ കഴിയുമെന്നു ഞാൻ വിശ്വസിക്കുന്നു.

ബുദ്ധിശക്തിയും അധ്വാനവും കൂട്ടായ്മയും ഇതാണ് ഒരു മനുഷ്യജീവനത്തിന് അത്യാവശ്യം. ഇതിൽ കൂട്ടായ്മ നമ്മൾ മലയാളികൾക്ക് തീരെയില്ല . പക്ഷെ ഈ പ്രളയം നമ്മെ ഒന്നിപ്പിച്ചു.കയ്യും മെയ്യും മറന്ന് മലയാളി തന്റെ ജീവൻ കൊടുത്തു സഹായിച്ചു .ഇതുവരെ കാണാത്തവർക്കു പോലും തൻറെ കൈകൊടുത്ത് സഹായിച്ചു .നാമെന്നും അവഹേളനത്തോടെ മാത്രം കണ്ട നമ്മുടെ കടലന്റെ മക്കൾ അവർ നമ്മെ സഹായിക്കാനായി ഓടി എത്തിയവരാണ്. ശരീരം ചവിട്ടുപടിയായി നൽകികൊണ്ട് ആ വെള്ളപ്പൊക്കത്തിൽ നിന്നും രക്ഷിച്ചവർ വരെ ഉണ്ട്. ഇവരോടെല്ലാം എന്നും കടപ്പെട്ടിരിക്കണം.നീറ്റിലെ പോളക്ക് തുല്യമായ ജീവനാണ് മനുഷ്യന്റേത്. മാധ്യമങ്ങളും രാഷ്ട്രീയക്കാരും അങ്ങോട്ടുമിങ്ങോട്ടും ചളി വാരി തേക്കാതെ എങ്ങനെയാണ് നവ കേരളത്തിന്റെ പുനർനിർമ്മിതി അതാലോചിക്കുകയാണ് വേണ്ടത്. പ്രകൃതി 'സൗഹൃദമായ ഒരു വികസനം 'അതാണ് നമുക്ക് വേണ്ടത്.വികസനം അത് അത്യാവശ്യമാണ്.

പ്രളയം; അത് വരാനിടയുള്ള കാര്യങ്ങൾ ചിന്തിച്ചാൽ തന്നെ ഒരുപരിധിവരെ അത് തടയാനായി നമുക്ക് സാധിക്കും.മലയിടിച്ച് പാറപൊട്ടിക്കലും കൃഷി ഇല്ലാതാക്കി ബിൽഡിങ് കെട്ടി പണിയുക മണൽവാരൽ ഇതെല്ലാം ഒരുതരത്തിൽ അല്ലെങ്കിൽ മറ്റൊരുതരത്തിൽ പ്രശ്നങ്ങൾക്ക് വഴി ഒരുക്കിയതാണ്. ഇത് അനധികൃതമായി എവിടെയെങ്കിലും നടക്കുന്നതു കണ്ടാൽ റിപ്പോർട്ട് ചെയ്യണം.മറ്റൊന്ന് കേരളീയർക്ക് ഭക്ഷ്യോല്പന്നങ്ങൾക്ക് എന്നും എപ്പോഴും അന്യദേശത്തെ ആശ്രയിക്കേണ്ടിവരുന്നു എന്നതാണ്.കൃഷി നമുക്കും ചെയ്യാവുന്നതേയുള്ളൂ.



# ഓസോൺ നാശം

നന്ദന ഇ ബി

മനുഷ്യന്റെ പ്രവൃത്തികൾ നിമിത്തം ഓസോൺ ക്ഷയിച്ചുകൊണ്ടിരിക്കുകയാണ്. ഓസോണിന്റെ ശോഷണം 1957 ലാണ് ശാസ്ത്രജ്ഞന്മാർ ശ്രദ്ധിക്കുന്നത്. അന്റാർട്ടിക്കയിൽ ഗവേഷണം നടത്തികൊണ്ടിരിക്കുന്ന ശാസ്ത്രരാണ് ശോഷണത്തെക്കുറിച്ച് ആദ്യം മനസിലാക്കിയത്. 1970 ആയപ്പോഴേക്കും ശ്രദ്ധിക്കപെടാൻ തുടങ്ങിയ ശോഷണം 1985 ൽ മൂർദ്ധന്യത്തിലെത്തി.


കാരണം




ശീതീകരണികൾ ഉപയോഗിക്കുന്ന ക്ലോറോഫ്ലൂറോകാർബണുകൾ ഫ്രിയോണുകൾ ഹാലോ ആൽക്കിസുകൾ എന്നിവ ഓസോൺ ശോഷണത്തിനു

കാരണമായവയിൽ ചിലതാണ്. എന്നാലും സി.എഫ്.സിയുടെ വർദ്ധിച്ച ഉപയോഗമാണ് ഓസോൺ നാശത്തിന് കാരണം. ഫ്രിയോൺ വാതകം ഓസോൺ പാളിയെ നശിപ്പിക്കുമെന്ന് കണ്ടെത്തിയ പ്രൊഫ് ഫ്രാങ്ക് ഷെർവുഡ്, റോളണ്ട്, മറിയോ മോളിന എന്നീ ശാസ്ത്രജ്ഞന്മാരാണ്. 1995 ൽ ഇവർക്ക് രസതന്ത്ര നോബേൽ ലഭിച്ചു. ഓസോൺ പാളിയെ സംരക്ഷിക്കുന്നതിന രാഷ്ട്രങ്ങളുടെ സംയുക്ത സമ്മേളനങ്ങൾ നടത്തി. 1985 ൽ വിയന്ന കൺവെൻഷൻ നടന്നു.1987 ൽ നടന്ന മോണ്ട്രിയിൽ പ്രോട്ടോക്കാൾമൂലമാണ് സി.എഫ്.സികളെ നിയന്ത്രിക്കാനുള്ള നടപടികൾക്ക് തുടക്കം കുറിച്ചത്. 1996 ൽ ഫ്രിയോൺ ഉപയോഗം പൂർണ്ണമായും നിറുത്തിവയ്ക്കാൻ രാജ്യങ്ങൾ തീരുമാനിച്ചു.

1987 സെപ്റ്റംബർ 16 ന് മോൺട്രിയിൽ പ്രോട്ടോക്കോൾ രാഷ്ട്രങ്ങൾ ഒപ്പുവച്ചതിന്റെ ഫലമായാണ്  സെപ്റ്റംബർ 16 ന് ഓസോൺ ദിനമായി ആചരിക്കാൻ തീരുമാനിച്ചത്.



# വൃക്ഷം

മീനാക്ഷി രമേഷ്



ഇലപൊഴിക്കുന്ന  മരത്തിനു

നിറംപൊഴിക്കുന്നു മരതകമുത്തുകൾ

ആകാശത്തിൻ കവാടം മരത്തിനായി

എങ്ങും നിറഞ്ഞു നിൽക്കുന്നു

നീലപൊയ്കയിലെ ആമ്പൽ മൊട്ടുപോൽ

നിലാവിലെ താരങ്ങൾപോൽ

പൂത്തുനിൽക്കുന്നു എൻ മരം

ഞരമ്പുകൾക്കുള്ളിലെ രക്തം

ഇലകളെ കുളിരണിയിക്കുന്നു

നിലാവിൻ പൊയ്കയിൽ

നിന്ന് മനസ്സിനെ കുളിരണിയിക്കുന്നു

ഞാൻ പറയുന്നു  വായുവിൻ

നിറം പച്ചയാണന്ന്

ഇലയുടെ ഇളം പച്ചയാണെന്ന്





# ഉല്ലാസത്തിന്റെ  മായജാലം

ഗോപിക ഇ എസ്

ഞങ്ങളുടെ സ്കൂളിലെ  അവസാന വർഷം ഒത്തിരി ആകംക്ഷയോടെയാണ് ഞങ്ങൾ എല്ലാവരും ഈ വിനോദയാത്രയെ കണ്ടത് ഞങ്ങളുടെ സ്കൂൾ കാലഘട്ടത്തിൽ മറക്കാനാകത്ത ഒത്തിരി നിമിഷങ്ങൾ  സമ്മാനിച്ച ഒരു യാത്രയായിരുന്നു തിരുവന്തപുരത്തേക്കുള്ള പഠനയാത്ര. പതിനഞ്ച് ടീച്ചർമാരും കുട്ടികളും അടങ്ങുന്നതായിരുന്നു ഞങ്ങളുടെ യാത്ര സംഘം. സ്കൂളിൽ നിർദ്ദേശിച്ചതുപോലെ ഏഴുമണിക്കുതന്നെ എല്ലാവരും എത്തിച്ചേർന്നു എട്ടുമണിക്ക് ഞങ്ങൾ രണ്ടു ബസുകളിലായി തൃശ്ശൂർ റെയിൽവേസ്റ്റേഷനിലേക്കും തുടർന്ന് ട്രെയിൻ വഴി തിരുവന്തപുരത്തേക്ക് യാത്രതിരിച്ചു. രാത്രി ഒമ്പതിനായിരുന്നു ഞങ്ങൾക്കു പോകേണ്ട ട്രെയിൻ. ഞങ്ങൾ നേരത്തേ എത്തിയതിനാൽ രാത്രിയിലെ ഭക്ഷണം റെയിൽവേസ്റ്റേഷനിലിരുന്ന് എല്ലാവരും ഒരുമിച്ചുകഴിച്ചു. ഒമ്പതരക്ക് ട്രെയിൻ കയറി. നിർദ്ദേശപ്രകാരമുള്ള സീറ്റുകളിൽ ഇരുന്നു.കുറച്ച് സമയത്തിനുശേഷം ബാഗിൽ വച്ചിരുന്ന പുതപ്പുകൾ ഓരോരുത്തരുടേതായി പുറത്തേക്കെത്തിനോക്കാൻ തുടങ്ങി.ഉറക്കം വന്നിട്ടില്ല എന്നാലും എല്ലാവരും കിടന്നു.

പിറ്റേദിവസം പുലർച്ചെ അഞ്ചരമണിയോടെ ഞങ്ങൾ തിരുവനന്തപുരം സ്റ്റേഷനിലെത്തി അവിടെ നിന്ന് കാൽനടയായി മുകളിലേക്ക്പോയി.അവിടെ നിന്ന് ഏഴുമണിക്ക് അൽമനാർ ഭക്ഷണശാലയിലെത്തി അവിടത്തെ വൃത്തിയും അവരുടെ സേവനങ്ങളും ആരെയും ആകർഷിക്കും.രാവിലെയുള്ള ഭക്ഷണത്തിനുശേഷം നേരെ മാജിക് പ്ലാനറ്റിലേക്ക് 10.00-5.00 മണിവരെയാണ് ഞങ്ങൾ അവിടെ ചിലവഴിച്ചത്.എന്താണ് ഏഴുമണിക്കുറിനുള്ളതെന്ന് ഞങ്ങൾ എല്ലാവർക്കും ആകാംക്ഷയുണ്ടായിരുന്നു എന്നാൽ ഏഴുമണിക്കൂർ

പോയത് ഞങ്ങൾ അറിഞ്ഞില്ല. അവിടെ എത്തിയപ്പോൾ തന്നെ ശ്രീ ഗോപിനാഥ് മുതുകാട് സാറിനെകണ്ടു.തികച്ചും അപ്രതീക്ഷിതമായിരുന്ന അത് അവിടെ ഞങ്ങളുടെ കൂട്ടുകാരിൽ ഒരാൾ പാട്ടുപാടുകയും സമ്മാനം വാങ്ങുകയും ഉണ്ടായി.അവിടെ നിന്ന് ഞങ്ങൾ സർക്കസ്സ് കാണാനാണ് പോയത് താഴെ സീറ്റുകിട്ടാഞ്ഞതിനാൽ മുകളിലാണിരുന്നത്.അവിടെ ഞങ്ങൾ കണ്ട കാര്യങ്ങൾ എങ്ങനെ വിവരിക്കണമെന്നറിയില്ല. അതിഗംഭീരമായിരുന്ന ഓരോരുത്തരുടെയും പ്രകടനങ്ങൾ. അവിടെനിന്ന് സ്ട്രീറ്റ് മാജിക്ക് ക്രാഫ്റ്റ് ഷോ.



അതിനുശേഷം മജീഷ്യൻ മുന്നയുടെ അടുത്തേക്ക് അവിടെ വച്ച് അദ്ദേഹം നമ്മളിൽ നിന്ന് ആളുകളെ വിളിച്ച് മാന്ത്രികവിദ്യ കാണിച്ചു .തികച്ചും വിസ്മയകരമായ അനുഭവം അതിനുശേഷം കുറച്ച് പരിപാടികൾ കൂടി കഴിഞ്ഞപോൾ ഞങ്ങൾ ഭക്ഷണശാലയിലേക്ക് പോയി.മാജിക്ക്പ്ലാനറ്റിന്റെ ഉള്ളിൽ തന്നെയാണ് ഇത് സജ്ജീകരിച്ചിരിക്കുന്നത്.അവിടെ ഞങ്ങൾക്ക് ബിരിയാണിയായിരുന്നു ഭക്ഷണം.അവിടുത്തെ ഒരു പ്രത്യേക വൃത്തിതന്നെയായിരുന്നു ഭക്ഷണത്തിനുശേഷം ഞങ്ങൾ ആദ്യം കണ്ടത് കുറവുകളെ അതിജീവിച്ച് ജീവിതം നയിക്കുന്ന, ജീവിതത്തിൽ സന്തോഷം കണ്ടെത്തുന്ന ചില പ്രതിഭകളായിരുന്നു .അവിടെ ഞങ്ങൾ കണ്ടതിൽ വച്ച് ഏറ്റവും വിഷമകരവും അതിശയകരവുമായ കാഴ്ച. അതിനു ശേഷം ഞങ്ങൾ ഒരു നാടകം കണ്ടു. ആശയം ഉൾക്കൊള്ളാൻ സാധിച്ചില്ലെങ്കിലും വളരെ

അധികം ഞങ്ങൾ അത് ആസ്വദിച്ചു. അതിനു ശേഷം അവസാനമായാണ് ഞങ്ങൾ ഇന്റിമേറ്റ് മാജിക്ക് കണ്ടത്.എല്ലായിടത്തും അവിടെനിന്ന് ഞങ്ങളെ നയിക്കാൻ ഒരു ഗൈഡ് ഉണ്ടായിരുന്നു. ആറ് മണിക്ക് ഞങ്ങൾ അവസാന സ്ഥലമായ ശംഖുമുഖം ബീച്ചിലേക്ക് തിരിച്ചു. കേരളത്തിലെ അത്യധികം മനോഹരവും ആളുകളാൽ ഇഷ്ടപ്പെടുന്നതുമായ ബീച്ചാണ് ശംഖുമുഖം. പക്ഷെ അവിടുത്തെ തിരകൾ കുറച്ച് വലുതം ശക്തിയേറിയതും ആയതിനാൽ നനഞ്ഞ ആളുകളെ കാണാൻ സാധിച്ചില്ല. എയർപോർട്ടിന് അടുത്തായാണ് ബീച്ചുള്ളത്. അവിടെനിന്നുള്ള ആ ശാന്തമായ അന്തരീക്ഷവും ആ മനോഹാരിതയും ആസ്വദിച്ച് ഞങ്ങൾ അവിടെനിന്ന് രാവിലെ ഭക്ഷണം  കഴിച്ച ഭക്ഷണശാലയിലേക്ക് തിരിച്ചു . ഭക്ഷണത്തോടൊപ്പം ജ്യൂസും ഒരു വിഭവമായിരുന്ന മടക്കയാത്രയിൽ എല്ലാവർക്കും മുഖത്ത് വിനോദയാത്രയുടെ സന്തോഷവും കഴിഞ്ഞ് പോകുന്നതിന്റെ സങ്കടവുമുണ്ടായിരുന്നു. അവിടെനിന്ന് ബസിൽ പാട്ടും ഡാൻസുമായി റെയിൽവേസ്റ്റേഷനിൽ എത്തി. ഞങ്ങൾക്കുപോകേണ്ട ട്രെയിൻ വന്ന് കിടക്കുന്നുണ്ടയിരുന്നു. അതിൽ കയറി ഇരുന്നു. എല്ലാവരും കുറേ നേരം ഒരുമിച്ചിരുന്നു. കൂട്ടുകാർ തമ്മിലുള്ള പിണക്കങ്ങളെല്ലാം പറഞ്ഞ് തീർക്കാനും കൂടുതൽ അടുക്കാനും സാധിച്ചു. രാത്രി എല്ലാവരും. കിടന്നു. രാത്രിയിലെ തണുപ്പ് കഠിനമായിരുന്നില്ല. പുലർച്ചെ 6.00 മണിക്ക് മുൻപ് ഞങ്ങൾ റെയിൽവേസ്റ്റേഷനിലെത്തിയപ്പോൾ ഞങ്ങൾ പോകാനുള്ള ബസ് അവിടെ തയ്യാറായിരുന്നു.ഞങ്ങൾ പരമാവധി ടൂർ സന്തോഷകരമാക്കി. സ്കൂളിൽ എത്തിയപ്പോൾ എല്ലാവരുടെയും മുഖത്ത് പുഞ്ചിരിയേക്കാൾ വിഷമമായിരുന്നു കാണപ്പെട്ടത്.



# പ്രളയം കൊളുത്തിയ ദുരിതം!

ഇസ തെരേസ്





ഹരിതമനോഹരമായ ഒരു നാട് ! പച്ച വിരിച്ച നെൽപാടങ്ങളും പച്ചപ്പ് നിറഞ്ഞ പറമ്പുകളും കേരവൃക്ഷങ്ങൾ ഉലഞ്ഞാടുന്ന ഒരു കൊച്ചു ഗ്രാമം!കായലുകൾ കള കളം ഒഴുകുന്ന നമ്മുടെ കുട്ടനാട് ! ഒരു സുന്ദരി കായലിന്റെ അരികത്ത് നെഞ്ചുനിവർത്തി നിൽക്കുന്ന ഒരു കൊച്ചു ഓടുവീട്. അമ്മയും മകളുമടങ്ങുന്ന രണ്ടംഗങ്ങളേ വീട്ടിലുള്ളൂ. അമ്മ ചിന്നമ്മ മീൻ വിൽപനക്കാരിയാണ്. മകൾ ദേവികൃഷ്ണ കുട്ടനാട് ഗവ.യു.പി സ്കൂളിലെ അഞ്ചാം ക്ലാസിൽ പഠിക്കുന്ന മിടുമിടുക്കി.

അങ്ങനെ ആഗസ്റ്റ് -15. കേരളം കണ്ടതിൽ വച്ച് ഏറ്റവും വലിയ പ്രളയം. ദേവികൃഷ്ണ അതിരാവിലെ ഉണർന്നു. "ഏങ്ങനെ ഇന്ന് സ്കൂളിൽ പോകും? കനത്ത മഴയാണല്ലോ! സ്വതന്ത്ര്യദിനമല്ലേ ; പോവാതിരിക്കാൻ കഴിയില്ല" അവൾ വിചാരിച്ചു. അങ്ങനെ അവൾ അമ്മയോട് യാത്ര പറഞ്ഞ് നീല പുള്ളിക്കുടയും നിവർത്തി, സ്കൂളിലേക്ക് നടന്നു. സ്വന്ത്ര്യദിനാഘോഷങ്ങളെല്ലാം വലിയ കുഴപ്പ മില്ലാതെ നടന്നു. സ്കൂളിൽ നിന്നും ലഭിച്ച മഞ്ഞയും ഓറഞ്ചും നാരങ്ങമിഠായികൾ കൈയിൽ ചുരുട്ടി പിടിച്ച് അവളുടെ കൂടപിറപ്പായ നീലകുടയും ചൂടി വീട്ടിലേക്ക് നടന്നു. വരുമ്പോൾ ഉണ്ടായിരുന്നതിനേക്കാൾ ശക്തിയായിരുന്നു മഴ. ഓരോ തവണ അവൾ നടക്കും തോറും അവളുടെ നീലപുള്ളി കുട അവളെ വിട്ടുപിരിയാൻ

ശ്രമിക്കും. പക്ഷേ, അവളുണ്ടോ വിട്ടുകൊടുക്കുന്നു? ഇടിയും മിന്നലും എല്ലാം അവളെ വളരെ ക്ഷീണിതയാക്കി. ഓരോ അടി വെക്കുമ്പോഴും വെള്ളം അവളെ മൂടികൊണ്ടിരുന്നു. വീടെത്തുമ്പോഴേക്കും അവൾ അര വരെ നനഞ്ഞു. വീടെത്തിയിട്ടും വീടെവിടെ? നോക്കുമ്പോൾ ഓട് മാത്രം കാണാം. അപ്പോൾ അവളുടെ അമ്മ? അപ്രതീക്ഷിതമായി അത് സംഭവിച്ചു. രണ്ട് സൈനികർ ഒരനക്കവുമില്ലാത്ത അവളുടെ അമ്മയെ വഹിച്ചുകൊണ്ട് ആംബുലൻസിലേക്കു കയറുന്നു. അവളുടെ കണ്ണുകൾ നിറഞ്ഞു. അമ്മക്കുവേണ്ടി കരുതിയ നാരങ്ങാമിഠായികൾ വലിച്ചെറിഞ്ഞ് അമ്മയുടെ അടുത്തേക്ക് നീങ്ങാൻ ശ്രമിച്ചു. പക്ഷേ, വെള്ളം നിറഞ്ഞു കെട്ടിനിൽക്കുന്ന കാരണം അവൾക്ക് അമ്മയുടെ അടുത്തേക്ക് എത്തിപ്പെടുവാൻ കഴിഞ്ഞില്ല. പെട്ടന്നവൾ ഒരു ശബ്ദം കേട്ടു. അത് ഒരു ഹെലികോപ്റ്ററായിരുന്നു. അതിൽനിന്ന് ഒരു സൈനികൻ ഇറങ്ങി വന്ന് അവളുടെ ദേഹത്ത് ഒരു കയർ കൊളുത്തിയിട്ട് പറഞ്ഞ് :"ജൽധി ആവോ!" അവളും ഹെലികോപ്റ്ററിലേക്ക് പൊങ്ങി പൊങ്ങി പോയി.

അവിടെ എത്തിയപ്പോൾ അവൾ കണ്ട കാഴ്ച അവളെ അതിശയിപ്പിച്ചു. അവളെപോലെ വീടും നാടും ഉറ്റവരും വേർപ്പെട്ടുപോയ ഒരുപാട് പേർ ആ ഹെലികോപ്റ്ററിൽ ഉണ്ടായിരുന്നു. ആ ഹെലികോപ്റ്റർ ദേവികൃഷ്ണയെ ഒരു ദുരിതാശ്വാസ ക്യാമ്പിൽ കൊണ്ടെത്തിച്ചു. ആ വർഷത്തെ അവളുടെ ഓണം കറുത്തു. അമ്മയില്ലാത്തൊരോണം അവൾക്ക് ആലോചിക്കാനേ വയ്യ. പ്രളയമൊക്കെ അടങ്ങിയപ്പോൾ അവൾ അവളുടെ പഴയ വീടൊന്ന് കാണാൻ ചെന്നു. അപ്പോഴുള്ള ആ കാഴ്ച അവളുടെ കണ്ണിനെ ഈറനണിയിച്ചു. പൊട്ടി പ്പൊളിഞ്ഞ് കിടക്കുന്ന അവളുടെ വീട്. അവളും അവളുടെ അമ്മയും മീൻ വിറ്റുണ്ടാക്കിയ പണം കൊണ്ടുണ്ടാക്കിയ ആ പുര ഇപ്പോൾ തുണ്ടം തുണ്ടം ആയി കിടക്കുന്ന കണ്ടപ്പോൾ അവളുടെ ഹൃദയം തകർന്നു. ഇപ്പോൾ അവൾ ഗവൺമെന്റിന്റെ സഹായത്തോടെ ഒരു ഷീറ്റു മേഞ്ഞ കുടിലിൽ ഒറ്റക്ക് കഴിഞ്ഞു. ആരോരുമില്ലാതെ അനാഥയായി...... അമ്മയില്ലാത്തതിന്റെ നൊമ്പരം ഉള്ളിൽ അടക്കി പിടിച്ച്.........

# വിദ്യാലയം

വിദ്യകൃഷ്ണ .എൻ .ജി



സരസ്വതീദേവി വസിക്കുന്നൊരു

ക്ഷേത്രഭൂമിയാണെൻ വിദ്യാലയം



ആരാമത്തിൽ സമീപത്തായ് ആറാം

തമ്പുരാൻ

സമാരംഭിച്ചതീ വിദ്യാലയം

കൊട്ടാരസദൃശമായ് നിലകൊള്ളും

വിദ്യാലയം

ഒരുനാൾ അമ്മതൻ കൈപിടിച്ചേങ്ങിക്കരഞ്ഞു

കയറിചെന്നൊരു വിദ്യാലയം

ഇന്നുഞാൻ ആ പടിക്കെട്ടിറങ്ങുമ്പോൾ

എൻമാനസം സങ്കടത്തിന്നാലയം

വിത്തുകളാം ഞങ്ങളെ വിദ്യയും നന്മയും നിറഞ്ഞ

വൃക്ഷങ്ങളായ് വളർത്തീയതീ വിദ്യാലയം

മാതൃപിതൃ സ്നേഹത്തിൻ നിറകുടങ്ങളാം

അധ്യാപകരുള്ളൊരീ വിദ്യാലയം

ഒരേ മനസ്സായൊന്നായ് സഹപാഠികളുമൊത്ത്

ഒമ്പത് സംവത്സരങ്ങൾ ഞാൻ പഠിച്ചോരീ വിദ്യാലയം

ആ ഒമ്പത് സംവത്സരങ്ങൾ ഇന്ന

ഒമ്പത് നാഴികപോൽ എങ്ങോ പോയ് മറഞ്ഞു.

എന്നിലെ എന്നെ എനിക്ക് കാണായ്

വന്നതിൻ കാരണമീ വിദ്യാലയം



# ആ കാത്തിരിപ്പ്

ആർദ്ര. വി .ജയരാജ്

ഒരു പച്ചപ്പ് നിറഞ്ഞ ഗ്രാമത്തിലാണ് അവൻ താമസിച്ചിരുന്നത്.
അപ്പുവും അമ്മയും അവന്റെ അച്ഛൻ ഗൾഫിലാണ്. പക്ഷേ, അപ്പുവിന്റെ അമ്മ അവനെ പൊന്നുപോലെയാണ് നോക്കിയിരുന്നത്. എല്ലാ കുട്ടികളുടെ പോലെ അവനും കളിപ്പാട്ടങ്ങൾ ഇഷ്ടമായിരുന്നു. അതിന് വേണ്ടി അവൻ എപ്പോഴും വാശിപിടിക്കുമായിരുന്നു.

ഒരു ദിവസം അവൻ രാത്രി കിടന്നുറങ്ങുകയായിരുന്നു. പെട്ടന്ന് അവൻ ഞെട്ടി എഴുന്നേറ്റു. എന്നിട്ട് അവൻ കരയാൻ തുടങ്ങി. അമ്മ അവനെ ആശ്വസിപ്പിക്കുവാനും അവനോട് അമ്മ പലവട്ടം എന്തിനാ കരയുന്നേ എന്ന് ചോദിച്ചു. അവൻ ഒന്നും മിണ്ടിയില്ല. വീണ്ടും കിടക്കാൻ ഒരുങ്ങിയ അവൻ പതുക്കെ കണ്ണുകൾ അടച്ച് സുഖമായി ഉറങ്ങി. പക്ഷേ, അവന്റെ മനസ്സിൽ എന്തോ ഒരു കാര്യം അലഞ്ഞുകൊണ്ടിരുന്നു. അവന്റെ അമ്മ കരയുന്നതും അവന്റെ അച്ഛൻ ആശ്വസിപ്പിക്കുന്നതുമായുള്ള കുറേ സ്വപ്നങ്ങൾ.അവൻ എഴുന്നേറ്റ് വന്നു വീടിന്റെ ജനാലയുടെ അരികിലിരുന്നു. നല്ല തണുത്ത കാറ്റും കൊണ്ട് അവന് നല്ല ഉറക്കം വന്നെങ്കിലും അവൻ വീഴാതെ ആകാശത്തിലെ മിന്നുന്ന നക്ഷത്രങ്ങളെ നേക്കി ഇരുന്നു.

അടുത്ത ദിവസം അവൻ സ്കൂളിൽ പോകാനായി ഒരുങ്ങുന്ന നേരത്ത് അവന് നല്ല പനിയുള്ളപോലെ വിറക്കുന്നത് അമ്മ കണ്ടു.അമ്മ വേഗം അവനെ അശുപത്രിയിലേക്ക് കൊണ്ടുപോയി.മരുന്ന് വാങ്ങിച്ച് ഇറങ്ങിയപോൾ നല്ല കനത്ത മഴ.അവന് പേടിയായി.അമ്മ അവനെ നെഞ്ചോട് ചേർത്തുപ്പിടിച്ച് ഒരു ഓട്ടോക്ക് കൈകാണിച്ചു. ആ ഓട്ടോയിൽ കയറി അവർ വീട്ടിലെക്ക് യാത്രയായി. വീട്ടിലെത്തിയതും അമ്മ ടി.വി വെച്ചു. വെച്ചപ്പോൾ മുഴവനും വെള്ളപ്പൊക്കത്തിനെ

കുറിച്ചുള്ള വാർത്തമാത്രം. ആ സമയം അപ്പു പുറത്ത് കളിക്കാൻ ഇറങ്ങി. അമ്മ അത് ശ്രദ്ധിച്ചേയില്ല. എന്തോ ശബ്ദം കേട്ട് അമ്മ പുറത്തേക്കിറങ്ങി. നോക്കിയപ്പോൾ അപ്പു മഴയത്ത നല്ല കളി. അമ്മ അവനെ പിടിച്ച് വലിച്ച് വീട്ടിലെക്ക് കയറ്റി. അപ്പോൾ തന്നെ അപ്പുവിന്റെ തുമ്മലും തുടങ്ങി. അമ്മ ആദ്യം അപ്പുവിന്റെ അച്ഛനെ വിളിച്ച് എല്ലാ കാര്യങ്ങളും പറഞ്ഞു. അച്ഛൻ ദേഷ്യപ്പെട്ട് ഇതെല്ലാം നടന്നത് നിന്റെ ശ്രദ്ധക്കുറവുകൊണ്ടാണെന്ന് അമ്മയോട് പറഞ്ഞു. അമ്മ ആകെ വിഷമത്തോടെ കട്ടിലിൽ കിടന്നു.അങ്ങനെ അമ്മ ഉറങ്ങി.


പിന്നെ അമ്മ എഴുന്നേൽക്കുന്നത് ഒരു വലിയ അലർച്ചയിലൂടെയാണ്. അമ്മ വാതിൽ തുറന്ന് നോക്കിയപ്പോൾ വെള്ളം കൂടിക്കൂടി വരുന്നു.അപ്പോഴേക്കും രക്ഷാപ്രവർത്തകർ അവിടേക്ക് എത്തി. അവർ അമ്മയെയും അപ്പുവിനെയും രക്ഷിച്ചു എന്ന് വിചാരിച്ചിരിക്കുമ്പോഴാണ് അത് സംഭവിച്ചത്. അപ്പുവിനെ കാണുന്നില്ല. അമ്മ രക്ഷാപ്രവർത്തകരോട് ചോദിച്ചു.പക്ഷേ ബാക്കിയുള്ളവരെ രക്ഷിക്കുന്നതിനിടയിൽ അവർ അത് ശ്രദ്ധിച്ചില്ല. പിന്നെ അമ്മ വീണ്ടും ചോദിച്ചപ്പോഴാണ് ആ വീട്ടിൽ നിന്ന് ഒരു കുട്ടിയേയും അവർ കണ്ടില്ലെന്ന് മറുപടി പറഞ്ഞത്. അമ്മ വേഗം പുറത്തേക്കോടി കരയാൻ തുടങ്ങി. അപ്പു എന്ന് കുറേ വിളിച്ചു,പക്ഷേ,ആരും വിളികേൾക്കാൻ അവിടെ ഉണ്ടായിരുന്നില്ല.

കുറേ ദിവസങ്ങൾ കഴിഞ്ഞുപ്പോയി. ഒരു ദിവസം അപ്പുവിന്റെ വീട്ടിലേക്ക് പോലീസ് വന്നു.അവന്റെ അമ്മക്ക് കാര്യം മനസ്സിലായത് പോലീസിന്റെ മുഖം കണ്ടിട്ടാണ് പോലീസ് അവരുടെ വീട്ടിൽ നിന്ന് ഒരു കുട്ടിയുടെ ശവം കിട്ടിയെന്നാണ് പറഞ്ഞത്. അമ്മ കരഞ്ഞുതുടങ്ങി. അപ്പുവിന്റെ എല്ലാ ഓർമ്മകളും അപ്പോൾ അമ്മയുടെ മനസ്സിൽ വന്നു തന്റെ നെഞ്ചോട് ചേർത്ത് വെച്ച് ഉറങ്ങാറുള്ള അപ്പു ഇനിയില്ല. അവന്റെ അമ്മ എല്ലാ ദിവസം അവൻ വരുമെന്ന ചിന്തയിലിരിക്കും. എന്നും കരയും. അവൻ ഒപ്പമുള്ള പോലെ.........





**ആരതി ശർമ്മ**



# സോപാനം

ജയലക്ഷ്മി ജെ





# ഒറിഗാമി ചരിതം

*സോന സണ്ണി*



കടലാസിൽ കവിത വിരിയിക്കുന്ന കലയാണ് ഒറിഗാമി. മുറിക്കാതെയും പശ ഉപയോഗിച്ച് യോജിപ്പിക്കാതെയും കടലാസിനെ പലരീതിയിൽ മടക്കുകയും നിവർത്തുകയും ചെയ്ത് ദ്വിമാനമായ കടലാസിൽ നിന്ന് ത്രിമാനരൂപങ്ങളുണ്ടാക്കുന്ന അത്ഭുതകരമായ വിദ്യ.ജപ്പാൻ ഭാഷയിൽ 'ഒറി'എന്നാൽ മടക്കുക 'ക്രാമി' എന്നാൽ കടലാസ് ,ഇവ തമ്മിൽ ചേരുമ്പോൾ 'ക'ശബ്ദം 'ഗ'ശബ്ദത്തിന് വഴിമാറി 'ഒറിഗാമി'ആയി. ഒറിഗാമി എന്നാൽ മടക്കിയ കടലാസ് എന്ന് അർഥം.




ഏകദേശം രണ്ടായിരം വർഷം മുമ്പ് ചൈനയിലാണ്കടലാസ് കണ്ടു

പിടിച്ചത്. ചൈനയിൽ നിന്നും ബുദ്ധമത പ്രചരണത്തിനായി ജപ്പാനിലെത്തിയ ഒരു ബുദ്ധഭിക്ഷുവാണ് ഏഴാം നൂറ്റാണ്ടിൽ കടലാസിന്റെ നിർമാണ രഹസ്യം ജപ്പാൻകാർക്ക് വെളിപ്പെടുത്തിയത്. കടലാസിന്റെ ജന്മത്തെ തുടർന്ന് കടലാസ് മടക്കുന്ന വിദ്യ ജപ്പാനിൽ ഉടലെടുത്തു. എ.ഡി.782 മുതൽ 1185 വരെയുള്ള ഹെയാൻ കാലഘട്ടം പൊതുവെ ശാന്തതയുടെയും അഭിവൃദ്ധിയുടെയും കാലഘട്ടമായിരുന്നു.രക്തപങ്കിലമല്ലാത്ത ഈ കാലഘട്ടത്തിലാണ് കടലാസ് രൂപങ്ങളുടെ നിർമ്മിതി തുടങ്ങുന്നത് . ഏത് കലയുടെയും വിജ്ഞാനത്തിന്റെയും വളർച്ചയ്ക്ക് ശാന്തിയും സമാധാനവും അത്യാവശ്യമാണല്ലോ.

അരക്ഷിതവും അശാന്തവുമായ ഒരു ജന സമൂഹത്തിൽ നിന്ന് ഉണ്ടാകുന്ന ഏതിലും അശാന്തത കാണപ്പെടുന്നതു പോലെ സുരക്ഷിതവും ശാന്തവുമായി ഒന്നിൽ നിന്നുണ്ടായതിൽ ശാന്തിയും സുരക്ഷിതത്വവും തുടിച്ചു നിൽക്കും. ഒറിഗാമി നമ്മുക്ക് നൽകുന്നത് ഈ ശാന്തിയും സുരക്ഷിതത്വവുമാണ്.ശാന്തിയും സമാധാനവും അനുഭവിച്ച ഒരു ജനത തങ്ങളുടെ മാനസികാവസ്ഥ പ്രതിഫലിപ്പിക്കാനായി കണ്ടെത്തിയ ആചാരമാണ് പിൽക്കാലത്ത് ഒറിഗാമി എന്ന കലയായി മാറിയത്...

# ജലം

നവ്യ.കെ.എസ്



കുടിക്കുവാൻ വേണം ജലം

കുളിക്കുവാൻ വേണം ജലം

നമുക്കലക്കുവാൻ വേണം ജലം



ജലക്ഷാമമിന്നു

നാടാകെരൂക്ഷം

ജനക്ഷേമമതിനാ-

ലെത്രയോകഷ്ടം

അരുതരുത്

ദുരുപയോഗമരുതതിനാൽ

അരുത്

ജലദുരുപയോഗമരുത്

ജലമമൂല്യമാണ്

അത് അറിുയുക ജനമേ

ജലം അമൂല്യമാണ്

മലിനീകരിക്കരുത് മാനവ!

# മഴ



*സുരമ്യ.എം.എസ്*

പാതിരാ വഴികൾക്കു തുണയായിരുന്ന കൊണ്ടന്തികൾ-
ഇഴഞ്ഞുലഞ്ഞിരുന്നൊരാ രാമഴയിൽ
കുളിരണിഞ്ഞീറനായ് നടന്നൊരാ കാലത്തിലെന്നെ
താലോലം പാടിയുറക്കിയതാ മഴത്തുള്ളികൾ
ഇടിമിന്നലിരമ്പിൻ കവിൾതൻ
രൗദ്രഭാവം
കാരിരുമ്പിൻ കരുത്തുചൊരിയുമെൻ പുറംമോടി
വീണക്കമ്പിപോൽ ചാഞ്ചാട്ടമാടുന്ന
വിറതൻകരങ്ങളിൽ പൂട്ടിയിട്ടു
വിറച്ചുകൊണ്ടാടുന്ന നൃത്ത ചുവടുകൾക്കു
ശമനമേകി അന്ത്യകലാശത്തിൻ ശാന്തമായ
മേഘങ്ങൾ പാൽപുഞ്ചിരി തൂകി
എന്നെ ദഹിപ്പിക്കുമോരോ കനലിലും
എന്നെ ചുട്ടെരിയിക്കുമോരോ തീയിലും
കണ്ണീർതുള്ളിയായ് ശമിപ്പിച്ചു നീ
അവയെ ശമിപ്പിച്ചു നീ.





# നമ്മൾ ജീവിക്കുന്നത് ഭൂമിയിലാണ്

*അജന്യശ്രീ.കെ.എസ്*

ശാസ്ത്രീയമായി ഭൂമിയെക്കുറിച്ച ആദ്യമായി പഠനങ്ങൾ നടത്തിയത് ഗ്രീക്കുകാരാണ് . ജിയോ എന്നാൽ ഭൂമി എന്നാണ് അർത്ഥം.ഗ്രാഫിയ എന്ന വാക്കിന്റെ അർത്ഥം എഴുതുക അതവ വിവരിക്കുക എന്നും. ഈ രണ്ട് ഗ്രീക്ക് വാക്കുകൾ ചേർന്നാണ് ജിയോഗ്രഫി എന്ന വാക്കുണ്ടായത്.ഗ്രീക്ക് പണ്ഡിതനായ ഇറാ -ത്തോസ് തെനീസ് ആണ് ജിയോഗ്രഫി എന്ന വാക്ക് ആദ്യമായി ഉപയോഗിച്ചത്.ഭൂമിയുടെ ചുറ്റളവ് ആദ്യമായി കണക്കാക്കിയത് ഇറാത്തോസ്റ്റെനീസ് ആണ്.



1 01-ടോളമി

ഭൂമിശാസ്ത്രത്തിന്റെ പിതാവ്.

ക്ലോഡിയസ് ടോളമേയസ് എന്നാണ് യഥാർത്ഥ പേര്. ക്രിസ്തുവിന് മുൻബ് അലക്സാൻഡ്രിയയിൽ ജീവിച്ചിരുന്നു. ഭൂമിക്ക് ചുറ്റും സൂര്യനും മറ്റ് ഗ്രഹങ്ങളും കറങ്ങുന്നു എന്ന സിദ്ധാന്തം (ഭൌമ കേന്ദ്രീക്രിത സിദ്ധാന്തം) മുന്നോട്ടുവച്ചു. അൽമാജെസ്റ്റ. ജിയോഗ്രഫി,ടെ ട്രാബിബ്ളേസ് എന്നിവ ഗ്രന്ഥങ്ങളാണ്.

2 02-മറ്റു പേരുകൾ.

നീലഗ്രഹം,ജലഗ്രഹം,ടെറ.

3 03-സൌരയൂഥത്തിലെ സ്ഥാനം.
സൂര്യനിൽനിന്ന് മൂന്നാമതായി ഭൂമി സ്ഥിതി ചെയ്യുന്നു.
വലിപ്പത്തിൽ അഞ്ചാം സ്ഥാനമാണ് ഭൂമിക്ക്.

4 04-ആകൃതി.
ഭൂമി ഉരുണ്ടതാണെന്ന് പറയുമെങ്കിലും കൃത്യമായ ഗോളാകൃതിയല്ല ഭൂമിയുടേത്. ഭൂമദ്ധ്യരേഖപ്രദേശത്ത് ഉന്തിനിൽക്കുന്നതും ധ്രുവങ്ങളിൽ പരന്ന ആകൃതിയുമാണ് ഭൂമിക്ക്.

5 05-ഒബ്ലേറ്റ് സ്ഫിറോയ്ഡ്.
അല്ലെങ്കിൽ ജിയോയിഡ് ആകൃതി എന്നതിനെ വിളിക്കുന്നു.
അഭികേന്ദ്രബലമാണ് ഇതിന് കാരണം.

6 06-എത്ര വയസായി.
ഏകദേശം 460 കോടി വർഷമാണ് ഭൂമിയുടെ പ്രായമായി കണക്കാക്കുന്നത്.ഇപ്പോൾ നാം ഹോളോസീൻ എന്ന കാലഘട്ടത്തിലാണ്.ആധുനിക മനുഷ്യർ ഭൂമിയിൽപ്രത്യക്ഷപ്പെട്ട കാലമാണിത്.

7 07-സൂര്യനിൽ നിന്നുള്ള ദൂരം
15 കോടി കി.മി.അകലത്തിലാണ് സൂര്യനിൽ നിന്നും ഭൂമി സ്ഥിതി ചെയ്യുന്നത്.

8 08-പ്രകാശം ഭൂമിയിലെത്താൻ
സൂര്യപ്രകാശം 8 മിനിറ്റ് 20 സെക്കൻഡ്
ചന്ദ്രപ്രകാശം-1.3 സെക്കൻഡ്

9 09- വിസ്തീർണം.
ഭൂമിയുടെ ഉപരിതല വിസ്തീർണം 51 കോടി ച.കി മി ആണ്.
ഇതിൽ 36.2 കോടി ച.കി.മി (70.8%) ജലമാണ് ബാക്കി

29.2% കരയാണ്.
ഭൂമദ്ധ്യരേഖയിലെ ചുറ്റളവ് =40075.16 കി.മി.
ധ്രുവങ്ങളിലെ ചുറ്റളവ്=4008 കി.മി.

10 10-സൂര്യൻ കിഴക്കുദിക്കാൻ കാരണം.
ഭൂമിയുടെ ഭ്രമണം പടിഞ്ഞാറ് നിന്നും കിഴക്കോട്ടാണ്. അതുകൊണ്ടാണ് സൂര്യൻ കിഴക്കുദിച്ച് പടിഞ്ഞാറ് അസ്തമിക്കുന്നത്. ഭ്രമണവേഗത കൂടുതൽ ഭൂമദ്ധ്യരേഖയിലാണ് ധ്രുവങ്ങളിൽ ഭ്രമണവേഗതകുറവാണ്.



# കാത്തിരിപ്പ്



ദിൽന പി ഡി



ഏതോ...... മഴക്കായ് ഞാൻ കാത്തിരിക്കേ......
നിൻ നിർമലങ്ങളിൽ ഒന്ന് തൊടാൻ
ആരോ.... പാടിയ പാട്ടു പോലെ കാതിൽ
വന്നു നീ മൂളവേ......
കാറ്റിൽ മടിത്തട്ടിൽ ഞാൻ ഉറങ്ങിയോ....
നീയെൻ കൂടെ ചേർന്ന് ഉറങ്ങിയോ...
ആളിക്കത്തുന്ന എന്റെ മനസ്സിനെ......
നീ നിന്റെ കണ്ണീർ തുള്ളികളാൽ അണക്കുന്നു.
നിൻ പ്രിയ സഖിയായ് നീ എന്നെ മാറോടു ചേർക്കുമോ?
നിന്റെ വരവിനാൽ എന്നിലെ...
ഏകാന്തതയിൽ സന്തോഷം ചെലുത്തുന്നു
നീ എന്നിൽ നിന്ന വേറിട്ടു പോകുമ്പോൾ
ഞാൻ അറിയാതെ എന്റെ കണ്ണുകൾ നിറയാറുണ്ട്
നിന്റെ അടുത്ത വരവിൻ
മിഴികൾ തുറന്നു കാത്തിരിക്കുന്നു ഞാൻ.........

# അന്നയുടെ പൂന്തോട്ടം

വൃന്ദ സിദ്ധാർത്ഥ



പണ്ട് ഒരു പുഴക്കരയിലെ കൊച്ചുവീട്ടിൽ അന്ന എന്ന പേരുള്ള ഒരു സുന്ദരി പെൺകുട്ടി താമസിച്ചിരുന്നു. തൻെറ വീടിൻെറ മുറ്റത്തു പല നിറത്തിലും മണത്തിലും പൂച്ചെടികൾ വച്ചു പിടിപ്പിക്കലായിരുന്നു അവളുടെ പ്രധാന വിനോദം. ഗ്രാമങ്ങളിൽ മാത്രമല്ല കാട്ടു പ്രദേശങ്ങളിലും അവൾ ചെടികൾ തേടി അലയും.പിന്നെ അവ പറച്ചു കൊണ്ടുവന്നു തൻെറ കുടിലിൻെറ മുറ്റത്ത് വച്ച് പിടിപ്പിക്കും.എന്നിട്ടോ അവയെല്ലാം വേണ്ട രീതിയിൽ വെള്ളമൊഴിച്ച്, വളമിട്ട്, പരിചരിച്ച് പോന്നു.



നാളുകൾ കഴിഞ്ഞപ്പോൾ അവളുടെ കുടിലിനു മുൻവശം മനോഹരമായ ഒരു  ഉദ്യാനമായി മാറി.ആ കൊച്ചു പൂന്തോട്ടത്തിൽ നല്ല ചന്തമുള്ള ഒത്തിരിയൊത്തിരി പൂക്കൾ വിടർന്നങ്ങനെ നിന്നു. ഒത്തിരി പറവകളും ചിത്രശലഭങ്ങളും അതിലൂടെ പാറിപാറി നടന്നു. അന്നയുടെ ആ പൂന്തോട്ടം കാണാൻ അറിഞ്ഞ് കേട്ട് ഗ്രാമത്തിലെ പലരുമെത്തി.അവരെല്ലാം അവളെ അഭിനന്ദിക്കാനും മാറന്നില്ല.ഒരു ദിവസം രാജ്യത്തെ പ്രഭു പരിവാരങ്ങളുമായി അവിടെയെത്തി.അവർക്ക്

അന്നയുടെ പൂന്തോട്ടം ഒത്തിരി ഇഷ്ടപ്പെട്ടു.പ്രഭു പറഞ്ഞു, അന്നേ, നിൻെറ പൂന്തോട്ടം ഞങ്ങൾക്ക് ഒത്തിരി ഇഷ്ടപ്പെട്ടു.പക്ഷേ ഇത് ഞങ്ങളുടെ കൊട്ടാരമുറ്റത്ത് നിന്നാൽ കൂടുതൽ ഭംഗി കിട്ടും.അതുകൊണ്ട് ഞങ്ങളിത് പറിച്ചുകൊണ്ടു പോകുന്നു.നിനക്കിതിനുള്ള പണം തരാം.അത് കേട്ട് അന്ന നടുങ്ങിപ്പോയി.അവൾ പൊട്ടിക്കരഞ്ഞുകൊണ്ട് അപേക്ഷിച്ചു.എനിക്ക് പണം ഒന്നും വേണ്ട. എന്റെ പുന്നാരച്ചെടികൾ മാത്രം മതി.മാത്രമല്ല ഈ ചെടികളെല്ലാം പറിച്ച് മറ്റൊരു സ്ഥലത്ത് നട്ടാൽ നന്നായി പരിചരിച്ചില്ലെങ്കിൽ ഉണങ്ങിപോവത്തേ ഉള്ളൂ. എന്നാൽ പ്രഭുവും കൂട്ടരും സമ്മതിച്ചില്ല. അവർ എന്തു ചെയ്തെന്നോ? ഒരു ദയയും കാണിക്കാതെ അന്നയുടെ പുന്നാര ചെടികളെല്ലാം പറിച്ചെടുത്തു കൊണ്ടുപോയി. അതുകണ്ട് അവൾ ഏങ്ങിയേങ്ങി കരഞ്ഞു. ആ ചെടികളെല്ലാം പ്രഭു പരിചാരകരെ കൊണ്ട് തൻെറ വിശാലമായ വീടിൻെറ മുന്നിൽ കുഴിച്ചുവെപ്പിച്ചു. പക്ഷെ ആരും വെള്ളം പോലും ഒഴിച്ചില്ല. ദിവസങ്ങൾ കഴിഞ്ഞു. ചെടികൾ വെള്ളവും,പരിചരണവും കിട്ടാതെ വാടാൻ തുടങ്ങി. അങ്ങനെയിരിക്കെ ഒരു ദിവസം രാത്രി പ്രഭുവിൻെറ ഭാര്യ  പുറത്തൊരു ശബ്ദം കേട്ടു ഞെട്ടി ഉണർന്നു. അപ്പോഴതാ ചെടികൾക്കിടയിൽ ഒരു അനക്കം. കള്ളൻമാരായിരിക്കും എങ്കിൽ കയ്യോടെ പിടികൂടി നല്ല ശിക്ഷ കൊടുക്കണം. പ്രഭു പറഞ്ഞു. പരിചാരകർ പാഞ്ഞു ചെന്നു ചെടികൾക്കിടയിൽ നിന്നിരുന്ന ആളെ പിടികൂടി പൊക്കിയെടുത്തുക്കൊണ്ടു വന്നു.അന്നയായിരുന്നു അത്. ഹും

...മോഷ്ടിക്കാൻ വന്നിരിക്കുന്നു. പരിചാരകർ അവളെ തലങ്ങും വിലങ്ങും അടിക്കാൻ തുടങ്ങി. അപ്പോൾ അവൾ കരഞ്ഞു കൊണ്ടു പറഞ്ഞു. എന്നെ കൊല്ലല്ലേ.....ഞാൻ മോഷ്ടിക്കാൻ വന്നതല്ല. എന്റെ പുന്നാര ചെടികൾക്ക് വെള്ളം ഒഴിക്കാൻ വന്നതാണ്. ഇല്ലങ്കിൽ അവ കരിഞ്ഞ് ഉണങ്ങും. അതു എനിക്കു സഹിക്കാൻ പറ്റില്ല. അപ്പോൾ ചോദിച്ചു, അതിനു നീ രാത്രിയിൽ വന്നതു എന്തിനാണു. അപ്പോൾ അവൾ കരച്ചിൽ നിർത്താതെ പറഞ്ഞു. ഞാൻ പകൽ വന്നതാണ് പക്ഷേ കാവൽക്കാരൻ എന്നെ അടിച്ചോടിച്ചു. അതുകൊണ്ടാണ് രാത്രി വന്നതു അപ്പോൾ കാവൽക്കാരൻ ഉറക്കമാണ്.പ്രഭുവിന്റെ ഭാര്യക്കു അതു കേട്ടപ്പോൾ അന്നയോടു ഒരു ഇത്തിരി ഇഷ്ടം തോന്നി. അവൾ പ്രഭുവിനോടു പറഞ്ഞു. നോക്കു അവൾ എന്തു നല്ല കുട്ടിയാണു. നല്ല മനസുള്ളവൾ . അങ്ങനെ ഉള്ളവർക്കേ ചെടികളേയും പൂക്കളേയും ഇങ്ങനെ സ്നേഹിക്കാൻ കഴിയൂ. മക്കളില്ലാത്ത നമുക്ക് സ്വന്തം മകളെ പോലെ അവളെ വളർത്തിയാലോ? അതു ശരിയാണെന്ന് പ്രഭുവിനും തോന്നി. അവർ അന്നയെ കൊട്ടാരത്തിൽ താമസിപ്പിക്കുകയും സ്വന്തം മകളെ പോലെ വളർത്തുകയും ചെയ്തു. അവൾക്കൊപ്പം അവളുടെ പ്രിയ ചെടികളും വളർന്നു.

# ബാല്യം

ശ്രീലക്ഷ്മി ടി കെ



ഓർക്കുന്നു ഞാനെന്റെ ബാല്യകാലം

ഓർക്കാൻ മറക്കുന്നൊരെന്റെ കാലം

ഓർക്കുന്നു ഞാനെന്റെ വിദ്യാലയത്തിലെ

ഓരൊ പടിയും കേറി നടന്നതും

കൂട്ടുകാരോടൊത്ത് ഉല്ലസിച്ചതും

ഓടിനടന്നൊരെന്റെ കാലം.

അച്ഛന്റെ കൈകൾ പിടിച്ച് നടന്ന വഴികൾ

അമ്മ താലോലം കേട്ടുറങ്ങിയ രാത്രികൾ

ചേട്ടനുമായി തർക്കിച്ച ദിനങ്ങൾ

എല്ലാം ഇന്ന് മാഞ്ഞ് മറയുന്നു

ഓർക്കുന്നു ഞാനെന്റെ ബാല്യകാലം

മധുരമാണെന്റെ ബാല്യകാലം.





# പന്തുകളിച്ചാൽ തല പോകും

സ്നേഹ ഇ എസ്



ലോകത്ത് ഏറ്റവും അധികം പേർക്ക് ഇഷ്ടമുള്ള കളിയാണ് ഫുട്ബോൾ . പക്ഷെ ഈ ഇഷ്ടംകൊണ്ടു തന്നെ പലരും പണ്ട് ഫുട്ബോൾ നിരോധിക്കാൻ നോക്കിയിട്ടുണ്ട് . 1314 ലണ്ടനിൽ ഫുട്ബോൾ നിരോധിച്ചു . ഫുട്ബോൾ കളിക്കുമ്പോൾ വലിയ ഒച്ചയുണ്ടാകുന്നുവെന്നതായിരുന്നു നിരോധനത്തിന്റെ ഒരു കാരണം . ഫുട്ബോൾ ദൈവത്തിനു ഇഷ്ടമല്ലെന്നു അക്കാലത്ത് പലരും വിശ്വസിച്ചു . ഒരു കാലത്ത് അമ്പെയ്ത്തായിരുന്നു പല രാജ്യങ്ങളിലും പ്രധാന കായിക മത്സരം . ചെറുപ്പക്കാർ ഫുട്ബോൾ കളിച്ചു നടന്നാൽ അമ്പെയ്ത്തിനു ആളില്ലാതാകും എന്നായിരുന്നു രാജാവിന്റെ ആശങ്ക . അതുക്കൊണ്ട് 1349 ലും 1477 ലും ഇംഗ്ളണ്ടിൽ ഫുട്ബോൾ കർശനമായി നിരോധിച്ചു . 1540 ൽ ഇംഗ്ളണ്ടിലെ ഹെൻറി എട്ടാമൻ രാജാവ് ഫുട്ബോൾ ബൂട്ടുകൾ തന്നെ നിരോധിച്ചു .



# ചുവന്ന വാക

ജ്യോതിക

മാരിവില്ലിൻ ചെറു വർണം പോലെ
വേറിട്ടതാകണം നാമെല്ലാം
നാരായണപ്പാട്ടു പാടിയെന്നാലിന്നും
സ്തോത്രസ്തുതികൾ മൊഴിഞ്ഞാലെന്നാലും
അള്ളാഹുവെന്നു വിളിച്ചെന്നാലും

കാവിയായൊന്നല്ല പച്ചയായൊന്നല്ല
തൂവെള്ളയുമൊന്നല്ല
ഞരമ്പിലൂടൊഴുകുന്നൊരിറ്റു
ചോരതൻ ചുവന്നനിറം മതി



# ആൽമരക്കുട്ടന്റെ അഹങ്കാരം

കൃഷ്ണവേണി പി വി



മഞ്ഞണിക്കുന്നിന്റെ താഴ്വരയിൽ ഒരു പൊണ്ണൻ ആൽമരക്കുട്ടൻ വളർന്നു നിന്നിരുന്നു. അകലെയുള്ള ചന്തയിൽ നിന്നും ചുമടുകളേറ്റി വരുന്നവർ ആലിൻ ചുവട്ടിൽ എത്തുമ്പോൾ ചുമടിറക്കിവച്ച് അൽപ്പമൊന്ന് വിശ്രമിക്കും. മറ്റുചിലപ്പോൾ പറവക്കൂട്ടങ്ങൾ ക്ഷീണം തീർക്കാനായി അതിന്റെ ചില്ലകളിൽ വന്ന് കുത്തിയിരിക്കും. ഇതെല്ലാം കാണുമ്പോൾ ആൽമരക്കുട്ടൻ അഹങ്കാരംക്കൊണ്ട് ഞെളിയുകയായിരുന്നു. ലോകത്തിലെ ഏറ്റവും വലിയ മരം താനാണെന്നായിരുന്നു അവന്റെ വിചാരം. ചെറുജീവികളോട് അവന് വല്ലാത്ത പുച്ഛമായിരുന്നു.



ഒരിക്കൽ തത്തമംഗലത്തെ മാണിക്കൻ തത്തയുംചങ്ങാതിമാരും അതുവഴി പറന്നുവന്നു.

“ഇത്തിരി നേരം നമുക്കീ ആൽമരത്തിൽ ഇരുന്ന് ക്ഷീണം മാറ്റാം", മാണിക്കൻ തത്ത പറഞ്ഞു. അതനുസരിച്ച് തത്തകൾ ആലിൻ കൊമ്പിലിരിക്കാൻ ഒരുങ്ങി.

“പറ്റില്ല. നിന്നേപ്പോലുള്ള പീറതത്തകൾക്ക് വിശ്രമിക്കാനുള്ള സ്ഥലമല്ലിത്. വേഗം സ്ഥലംവിട്ടോ അല്ലെങ്കിൽ ചില്ലകുലുക്കി എല്ലാത്തിനെയും ഞാൻ താഴെ വീഴ്ത്തും." ആൽമരക്കുട്ടൻ ഉറക്കെ അലറി. ഇതുക്കേട്ട് പേടിച്ച് പാവം തത്തകൾ തൊട്ടടുത്തുള്ള ഒരു പഴയ മാളിക വീടിന്റെ മോന്തായത്തിൽ ചെന്ന് സങ്കടപ്പെട്ടിരിന്നു.

"ഏയ് തത്തകുട്ടൻമാരെ, എന്താ നിങ്ങളിങ്ങനെ സങ്കടപ്പെട്ടിരിക്കുന്നത്? എന്തുപറ്റി?"-ഒരു ചിതലപ്പൂപ്പൻ വിളിച്ചു.

"കുന്നിന് ചെരുവിലെ ആൽമരക്കുട്ടൻ ഞങ്ങളെ ആട്ടിയോടിച്ചു. ഒരൽപ്പനേരം ചില്ലക്കൊമ്പിൽ വിശ്രമിക്കാൻ പോലും അനുവദിച്ചില്ല". മാണിക്കൻ തത്ത അറിയിച്ചു.

"എന്ത്? ആ പൊണ്ണൻ അരയാലിന് അത്ര അഹങ്കാരമോ? ചെറു ജീവികളായ നമ്മുടെ ശക്തി അവന് ഒന്നു കാണിച്ചു കൊടുത്തിട്ട് തന്നെ കാര്യം". ചിതലപ്പൂപ്പൻ തന്റെ കൂട്ടുകാരെയെല്ലാം വിളിച്ചു കൂട്ടി കുന്നിൻ ചരിവിലേക്ക് പുറപ്പെട്ടു. "എടാ പൊണ്ണൻ മരമേ നിന്റെ അഹങ്കാരം തീർക്കാനാണ് ഞങ്ങൾ വന്നിരിക്കുന്നത്. പാവം തത്തകളെ ആട്ടിയോടിച്ച നിന്നെ ഞങ്ങൾ ഒരു പാഠം പഠിപ്പിക്കും". ചിതലപ്പൂപ്പൻ അറിയിച്ചു.

"ഉം പീറച്ചിതലുകളേ, ജീവനും കൊണ്ട് വേഗം പോയ്ക്കോ. പൊണ്ണനായ എന്നെ നിങ്ങൾക്ക് എന്തുചെയാൻ കഴിയും". ആൽമരം ചിതലുകളെ വെല്ലുവിളിച്ചു.

"എങ്കിൽ ഈ പീറകളുടെ ശക്തി നീ നേരിൽ കണ്ടോളൂ". ചിതലപ്പൂപ്പനും കൂട്ടരും ആൽമരക്കുട്ടന്റെ ചുവടെ പയ്യെ പയ്യെ കാർന്നു തിന്നാൻ തുടങ്ങി. എന്തു പറയാൻ...... രണ്ടു ദിവസം കൊണ്ട് ആ പൊണ്ണൻ ആൽമരക്കുട്ടൻ ഉടുപ്പുടുത്തോം എന്ന് നിലം പതിച്ചു. അഹങ്കാരിയുടെ ദയനീയ കിടപ്പുക്കൊണ്ട് ചിതലപ്പൂപ്പനും കൂട്ടരും ഉറക്കെ പൊട്ടിച്ചിരിച്ചു. മാണക്കൻ തത്തയും കൂട്ടരും ഉച്ചത്തിൽ ചിറകടിച്ചു പാടി.

**" അഹങ്കരിക്കരുതാരും**
**മന്നിൻ**
**അഹങ്കരിക്കതൊരു**
**നാളും**



# പട്ടം പറക്കട്ടെ



**പാർവ്വതി ജെ**

കടൽ തീരത്തെ ഒരു കൊച്ചു വീട്ടിലാണ് കുട്ടന്റെ താമസം . അവന്റെ ഇഷ്ട വിനോദമാണ് പട്ടം പറത്തൽ . വൈകുന്നേരം സ്കൂൾ വിട്ട് വീട്ടിലെത്തിയാൽ ഉടൻതന്നെ അവൻ പട്ടവുമായി കടൽക്കരയിൽ എത്തും . ചില കൂട്ടുകാരും അവനോടൊപ്പം കൂടും . ഒരു ദിവസം സന്ധ്യ കഴിഞ്ഞ് വളരെ വൈകിയാണ് വീട്ടിൽ മടങ്ങിയെത്തിയത് . അമ്മക്ക് ദേഷ്യം വന്നു . അവർ ശകാരിക്കാൻ തുടങ്ങി .



shutterstock.com • 179130452

"നിന്റെ കളി അൽപ്പം കൂടുന്നുണ്ട് . ഈ ഉത്സാഹം പഠിത്തത്തിൽ കാണാത്തത് എന്താ...? ഓരോ ദിവസം കഴിയുന്തോറും പഠിത്തം മോശമായി വരുകയാണെന്ന് നിന്റെ ടീച്ചർ പറഞ്ഞത് ഓർമയുണ്ടല്ലോ. ഈ ഒഴിവ് ദിവസങ്ങളിൽ മാത്രം പട്ടം പറത്തിയാൽ മതി . കളി മാത്രം പോര. നന്നായി പഠിക്കുകയും വേണം...അനുസരിച്ചില്ലെങ്കിൽ ചുട്ട അടി തരും പറഞ്ഞേക്കാം." അമ്മ പറഞ്ഞു. ക്ലബിലെ വാർഷികത്തോടനുബന്ധിച്ച് പട്ടം പറത്തൽ മത്സരമുണ്ട്. അതിൽ ജയിക്കണം. അതിനു വേണ്ടിയാണ് പരിശീലിക്കുന്നത്. എന്നിട്ടും അമ്മ വഴക്കു പറയുന്നു. തന്നോട് സ്നേഹമില്ലാഞ്ഞിട്ടായിരിക്കും അമ്മ ശകാരിക്കുന്നത് . അവന്റെ മനസ് മന്ത്രിച്ചു. അടുത്ത ദിവസം കൂട്ടുകാർ വന്നു വിളിച്ചിട്ടും അവൻ പട്ടം പറത്താൻ പോയില്ല .അതിനടുത്ത ദിവസവും പോയില്ല. അമ്മ ശകാരിച്ച വിവരം കൂട്ടുകാർ അറിഞ്ഞു. ഇനി ഒഴിവു ദിവസമേ അവൻ കളിക്കാൻ വരൂ എന്ന് കൂട്ടുകാർ ഊഹിച്ചു. എന്നാൽ ഒഴിവു ദിവസവും അവൻ പട്ടം പറത്താൻ പോയില്ല . അമ്മയോടുള്ള പ്രതിഷേധമായിരുന്നു മനസ്സിൽ. അതുകൊണ്ടാണു പോകാതിരുന്നത്. അമ്മക്കു സങ്കടം തോന്നി. അമ്മ സ്നേഹപൂർവ്വം അവന്റെ അടുത്തെത്തി.

സ്നേഹത്തോടെ അവനെ തലോടി.

# സ്വപ്ന മഴ

ലക്ഷ്മിഭദ്ര.കെ.ബി





അമ്മമേഘങ്ങളെ പിരിഞ്ഞ
കുഞ്ഞുതുള്ളികളായ് ഭൂമിയിലേക്ക്
അമ്മയെ പിരിഞ്ഞ വിഷമത്താൽ
പേമാരിയായി ഭൂമിയിൽ പതിക്കുന്നു

ഒരുനിമിഷമങ്ങ് കണ്ണുകൾ തുറന്നു
സന്തോഷത്താൽ തുള്ളിക്കവ
ഭൂമിയെകണ്ടവർ സന്തോഷവരായി
മനുഷ്യരെ കണ്ട് ഭൂമിയെ കണ്ട്

ചിത്രശലഭങ്ങളെ നോക്കിയും
പുഞ്ചിരി ളുകുന്ന
ഒരു നിമിഷം കണ്ണുകളറിയാതെ
നിറയുന്ന ഭൂമിയെ ദർശിച്ച്

പച്ചപ്പിലാടുന്ന കേരളമായിരുന്നു
ഇന്ന് ദാഹജലത്തിനായി അലയുന്നു
ഓരോതുള്ളിയും ഭൂമിയിൽ പതിക്കുമ്പോൾ
കുഞ്ഞു വൃക്ഷങ്ങൾ മുളക്കവെ

സന്തോഷം കൊണ്ട് എല്ലാവരും തുള്ളിച്ചാടുകയല്ലോ
കേരളം മൊത്തമുത്സവമായി ആഘോഷമായി
പാട്ടായി നൃത്തമായി മഴ മഴ പാടികളിക്കുന്നു
ഓരോ കുഞ്ഞുതുള്ളികളും ചേർന്ന് ഒരു

മഴയായ് ഭൂമിയിൽ പതിക്കുന്നു
സന്തോഷത്തിന്റെ മഴ
ദുഃഖങ്ങളുടെമഴ
ഒരു കൊച്ചുസ്വപ്നമായ മഴ.



# പരസ്പര സഹായം

ഐശ്വര്യ.കെ.വി



ഗ്രാമത്തിലെ വലിയ പുഴക്കരയിലായിരുന്നു തക്കിടു ആമയുടെ താമസം. കുളത്തിലെ ചെറുമീനുകളും ആമ്പലുമൊക്കെയായിരുന്നു അവന്റെ ഭക്ഷണം. അങ്ങനെയിരിക്കെ അവനൊരു ആഗ്രഹം. ഒരു മാമ്പഴം തിന്നണം അവൻ കുളക്കരയിലെ മരത്തിൽ താമസിക്കുന്ന കുരങ്ങച്ചനോട് തന്റെ ആഗ്രഹം പറഞ്ഞു. "എയ്...... എനിക്കു കഴിക്കാനുള്ള മാമ്പഴം പോലും കിട്ടുന്നില്ല. പിന്നല്ലേ നിനക്കുതരാൻ....." അവൻ ആമച്ചാരെ കളിയാക്കിയിട്ട് തൊട്ടടുത്ത മരത്തിലേക്കു കയറിപ്പോയി.

ആമക്കുട്ടന് സങ്കടമായി. അവൻ പുഴക്കരയിലേക്ക് ഇഴഞ്ഞു. എന്നിട്ട് ഒരു മരത്തിന്റെ വേരിൽ തലയുംചായ്ച്ച് ഇരുന്നു. അപ്പോഴാണ് കിട്ടുൻ എന്ന മുയൽക്കുട്ടൻ അതുവഴി വന്നത്. അവൻ ആമക്കുട്ടനോടു ചോദിച്ചു. "അല്ല ആമക്കുട്ടാ..... നീയെന്തിനാണ് ഇങ്ങനെ



സങ്കടപ്പെട്ടിരിക്കുന്നത്. എന്തുപറ്റി.....? " അവൻ കാര്യം പറഞ്ഞു. "അത്രയേയുള്ളോ...... നീ സങ്കടപ്പെടേണ്ട. ഞാനൊന്നു പോയി നോക്കിയിട്ടുവരാം......" ഇതു പറഞ്ഞിട്ട് മുയൽക്കുട്ടൻ പുറത്തേക്കുപോയി.

കുറച്ചുകഴിഞ്ഞപ്പോൾ അവനൊരു മാമ്പഴവുമായി മടങ്ങിയെത്തി. ആമയ്ക്ക് സന്തോഷമായി. നാളുകൾ കഴിഞ്ഞു. ഇക്കരെക്കാട്ടിൽ കൊടും വേനലെത്തി. മരങ്ങളൊക്കെ കരിഞ്ഞുണങ്ങി. കഴിക്കാൻ ഒരു സാധനവും കിട്ടാതെ മൃഗങ്ങൾ വിശന്നുവലഞ്ഞു. മുയൽക്കുട്ടനും സങ്കടത്തിലായി. അപ്പോൾ ആമക്കുട്ടൻ പറഞ്ഞു. "മുയൽക്കുട്ടാ.....നീ വിഷമിക്കേണ്ട..... നിനക്ക് കഴിക്കാനുള്ളത് ഞാൻ ഏർപ്പാടാക്കിത്തരാം. നീ എന്റെ പുറത്തോട്ടു കയറിക്കോ....." അങ്ങനെ ആമ മുഴൽക്കുട്ടനെയുംകൊണ്ട് പുഴക്കരയിലെത്തി. "അതാ കുറച്ചു മാറി ഒരു വലിയ പ്ലാവുണ്ട്. അതിൽ നിറയെ ചക്കകളുമുണ്ട്. താഴെ വീഴുന്ന ചക്കകൾ നിനക്ക് എടുക്കാമല്ലോ." ആമ പറഞ്ഞു.

മുയൽക്കുട്ടന് സന്തോഷമായി. അവൻ അടുത്തനിമിഷം പ്ലാവിനടുത്തേയ്ക്ക് കുതിച്ചു. കുറച്ചുകഴിഞ്ഞപ്പോൾ അഞ്ചാറ് ചക്കച്ചുളകളുമായി മടങ്ങിയെത്തി. അത് ആമയ്ക്കും നൽകി. അവനും സന്തോഷമായി. "പരസ്പരം സഹായിക്കുന്നവർക്ക് എന്നും നന്മയുണ്ടാകും." ആമ പറഞ്ഞു.



# സ്റ്റീഫൻ ഹോക്കിങ്

നന്ദന സി വി



ജീവശാസ്ത്ര ഗവേഷകനായിരുന്ന ഫ്രാങ്ക് ഹോക്കിൻസിന്റെയും ഇസബെൽ ഹോക്കിൻസിന്റെയും മകനായി 1942 ജനുവരി 8 ന് ഓക്സ്ഫോർഡിൽ സ്റ്റീഫൻ ഹോക്കിങ് ജനിച്ചു. പതിനൊന്നാം വയസ്സിൽ സ്റ്റീഫൻ ഇംഗ്ലണ്ടിലെ ഹെർട്ട്ഫോർഡ്ഷെയറിലെ സെന്റ് ആൽബൻസ് സ്കൂളിൽ ചേർന്നു. മകനെ ഡോക്ടറാക്കാനായിരുന്നു മാതാപിതാക്കൾ ആഗ്രഹിച്ചിരുന്നതെങ്കിലും, സ്റ്റീഫൻ ഹോക്കിങിന് ഗണിതത്തിലും ഭൗതികശാസ്ത്രത്തിലുമായിരുന്നു താത്പര്യം.



17-ആം വയസ്സിൽ ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയിൽ നിന്ന് ഭൗതികശാസ്ത്രത്തിൽ ബിരുദം നേടി. കേംബ്രിഡ്ജിൽ ഗവേഷണ ബിരുദത്തിനു പഠിച്ചുകൊണ്ടിരിക്കുന്നതിനിടെയാണ് കൈകാലുകൾ തളർന്നു പോകാൻ കാരണമായ നാഡീരോഗം അദ്ദേഹത്തെ ബാധിച്ചത്. കൈകാലുകൾ ചലിപ്പിക്കാനാവാത്ത അവസ്ഥയിലും സഹപ്രവർത്തകരുടെ പിന്തുണ അദ്ദേഹത്തിന് ആത്മവിശ്വാസം പകർന്നു. ഗവേഷണ ബിരുദം നേടിയ ശേഷം 1965-ൽ ജെയ്ൻ വൈൽഡിനെ വിവാഹം കഴിച്ചു. സ്റ്റീഫന്റെ പരിചാരകയുമായുള്ള അടുപ്പത്തെ തുടർന്ന് 1991-ൽ അവർ വിവാഹമോചനം നേടി.ജെയിനുമായുള്ള വിവാഹനിശ്ചയമാണു കൂടുതൽ ജീവിക്കാൻ തനിക്കു പ്രചോദനമായതെന്നു സ്റ്റീഫൻ ഹോക്കിങ് പറഞ്ഞിട്ടുണ്ട്. ലൂസി, തിമോത്തി, റോബർട്ട് എന്നീ മൂന്നു മക്കൾ ആയിരുന്നു അവർക്ക് ഉണ്ടായിരുന്നത്. ജെയിൻ വൈൽഡുമായുള്ള ബന്ധം പിരിഞ്ഞശേഷം എലെയ്ൻ മേസൺ എന്ന നഴ്സിനെ അദ്ദേഹം വിവാഹം കഴിച്ചു.

ജ്യോതിശാസ്ത്രം സൈദ്ധാന്തിക ജ്യോതിശാസ്ത്രമാണ് സ്റ്റീഫൻ ഹോക്കിൻസിന്റെ മുഖ്യ ഗവേഷണ മേഖല.

കേംബ്രിഡ്ജിലെ പഠനകാലത്ത് റോജർ പെൻറോസ് എന്ന ശാസ്ത്രജ്ഞനുമായുണ്ടായ സൗഹൃദമാണ് ഹോക്കിങ്ങിനെ ജ്യോതിശാസ്ത്രവുമായി അടുപ്പിച്ചത്. അവരിരുവരും ചേർന്ന് ആൽബർട്ട് ഐൻസ്റ്റീൻറെ ആപേക്ഷികതാസിദ്ധാന്തത്തിന് പുതിയ വിശദീകരണം നൽകി.പ്രപഞ്ചോല്പത്തിയെക്കുറിച്ചും അവർ ചില സിദ്ധാന്തങ്ങൾ ആവിഷ്കരിച്ചു.

നാശോന്മുഖമായ നക്ഷത്രങ്ങൾ അഥവാ തമോഗർത്തങ്ങളുടെ പിണ്ഡം,ചാർജ്ജ്,കോണീയസംവേഗബലം എന്നിവയ്ക്കുറിച്ചായിരുന്നു അദ്ദേഹത്തിന്റെ തുടർപഠനങ്ങൾ. ഭീമമായ ഗുരുത്വാകർഷണ ബലം ഗുരുത്വാകർഷണബലമുള്ള തമോഗർത്തങ്ങൾ ചില വികിരണങ്ങൾ പുറത്തുവിടുന്നുണ്ടെന്ന് അദ്ദേഹം തെളിയിച്ചു.

സ്റ്റീഫൻ 1974- ൽ റോയൽ സൊസൈറ്റിയിൽ അംഗമായി. 1979 മുതൽ 30 വർഷം വരെ കേംബ്രിജ് സർവകലാശാലയിൽ അപ്ലൈഡ് മാത്തമാറ്റിക്സ് ആൻഡ് ഫിസിക്സ് വിഭാഗത്തിൽ ല്യൂക്കേഷ്യൻ പ്രഫസറായി. ഐസക് ന്യൂട്ടൻ വഹിച്ചിരുന്ന പദവിയാണത്. ‘തിയറി ഓഫ് ഓഫ് എവരിതിങ്’ എന്ന പേരിൽ പ്രപഞ്ചത്തിന്റെ ഉൽപത്തിയെ സംബന്ധിച്ച സമഗ്രമായ സിദ്ധാന്തവും അദ്ദേഹം ആവിഷ്കരിച്ചു. 2004 ജൂലൈയിൽ ഡബ്ലിനിൽ ചേർന്ന രാജ്യാന്തര ഗുരുത്വാകർഷണ–പ്രപഞ്ചശാസ്ത്ര സമ്മേളനത്തിൽ തമോഗർത്തങ്ങളെക്കുറിച്ച് അന്നുവരെ താൻ ഉൾപ്പെടെയുള്ളവർ വിശ്വസിച്ചിരുന്ന പലധാരണകളെയും തിരുത്തുന്ന പുതിയ സിദ്ധാന്തം അദ്ദേഹം അവതരിപ്പിച്ചു.

ദൃശ്യ പ്രപഞ്ചത്തിൽ നിന്നും ശാഖകളായി പിരിയുന്ന ശിശു പ്രപഞ്ചങ്ങൾ എന്ന ആശയവും ഹോക്കിങ് അവതരിപ്പിച്ചു. അടുത്ത കാലത്തു ബ്ലാക് ഹോളുകൾ ഇല്ലെന്നും പകരം ഗ്രേ ഹോളുകൾ ആണുള്ളതെന്നും ഉള്ള നിഗമനം അവതരിപ്പിച്ച സ്റ്റീഫൻ ഹോക്കിങ് വീണ്ടും ശാസ്ത്രലോകത്തെ അമ്പരപ്പിച്ചു. *ബ്രേക്ക് ത്രൂ ഇനിഷ്യേറ്റീവ്* എന്ന അന്യഗ്രഹ ജീവൻ തേടുന്ന വമ്പൻ ഗവേഷണപദ്ധതി അദ്ദേഹം ആസൂത്രണം ചെയ്തു.



# വമ്പനും വില്ലനും

ഐശ്വര്യ.കെ.വി

മഹാവികൃതികളായ ആനക്കുട്ടികളായിരുന്നു വമ്പനും വില്ലനും. ചെറിയ മൃഗങ്ങളെയൊക്കെ ഉപദ്രവിച്ചുകൊണ്ട് അവർ എപ്പോഴും കാട്ടിൽ പാഞ്ഞുനടക്കും. മാൻകുട്ടങ്ങളെ വിരട്ടി ഓടിക്കുക, മുയലുകളുടെ ശരീരത്തിലേക്ക് വെള്ളം തെറിപ്പിക്കുക ഇതൊക്കെയായിരുന്നു വമ്പന്റെയും വില്ലന്റെയും കുസൃതികൾ.

ഒരുദിവസം കാട്ടാനക്കൂട്ടം ദൂരെയുള്ള കരിമ്പിൻ തോട്ടത്തിലേക്ക് യാത്ര തിരിച്ചു. കൂട്ടത്തിൽ പ്രായംകൂടിയ ജംബുവും ഡിംബുവും ആയിരുന്നു വഴികാട്ടിക്കൊണ്ട് മുന്നിൽ നടന്നിരുന്നത്. തോട്ടത്തിലേക്ക് നടക്കുമ്പോഴും വമ്പനും വില്ലനും ഓരോ കുസൃതി കാണിച്ചുകൊണ്ടിരുന്നു. കുറച്ചുകഴിഞ്ഞ് വമ്പൻ ഒരു കഴുതയെ വാലിൽ തൂക്കിയെടുത്ത് വലിച്ചെറിയുന്നത് ജംബു ആന കണ്ടു. ജമ്പുവിന് ദേഷ്യം വന്നു. തുമ്പിക്കൈകൊണ്ട് വമ്പന്റെ തലയ്ക്ക് ഒരടി കൊടുത്തിട്ട് ജംബു പറഞ്ഞു. "ഹും.....മറ്റ് ജീവികളെ ഉപദ്രവിക്കരുതെന്ന് പറഞ്ഞിട്ടില്ലേ. അടങ്ങി നടക്കെടാ വികൃതീ."



പിന്നെ വമ്പനും വില്ലനും കുസൃതിയൊന്നും കാണിച്ചില്ല. കരിമ്പിൻതോട്ടത്തിലെത്തി ഇഷ്ടം പോലെ കരിമ്പ് തിന്നുന്നതിനിടയിൽ വമ്പൻ വില്ലന്റെ അടുതെത്തി സ്വകാര്യം പറഞ്ഞു. "വില്ലാ...... തിരിച്ചുപോരുമ്പോൾ നമുക്കീ കിഴവന്മാരുടെ കൂടെ പോകേണ്ട. ഒരു രസവുമില്ല." വില്ലനും സമ്മതിച്ചു.

കരിമ്പുതീറ്റയെല്ലാം കഴിഞ്ഞ് ആനക്കൂട്ടം

മടങ്ങിയപ്പോൾ വമ്പനും വില്ലനും പിറകെയായിരുന്നു നടന്നിരുന്നത്. പിന്നെയവർ പതുക്കെ വഴിമാറി പൊവുകയും ചെയ്തു. കണ്ണിൽ കാണുന്ന മൃഗങ്ങളെയെല്ലാം ഉപദ്രവിച്ചുകൊണ്ടാണ് അവർ നടന്നുനീങ്ങിയത്. പെട്ടന്നാണ് സംഭവിച്ചത്. പ്‌ധിം.......ആനവേട്ടക്കാർ കുഴിച്ച ഒരു വാരിക്കുഴിയിലേക്ക് രണ്ടുപേരും തലകുത്തിവീണു. വില്ലൻ ഉറക്കെ കരഞ്ഞു. ഞെട്ടിപ്പോയ വമ്പനും ഉറക്കെ കരഞ്ഞു. പക്ഷെ അവരുടെകരച്ചിൽ ആരും കേട്ടില്ല. വഴിമാറിനടന്നതാണ് കുഴപ്പമെന്ന് രണ്ട്പേർക്കും മനസ്സിലായി. ഇനി മനുഷ്യരുടെ അടിയും തൊഴിയുമേറ്റ് ജീവിക്കാം. അവർ വിഷമത്തോടെ ഓർത്തു.

എന്നാൽ അധികം താമസിക്കാതെ ജംബു ആനയും കൂട്ടരും കുട്ടികളെ തിരഞ്ഞ് അവിടെയെത്തി. തടിയും മറ്റും കുഴിയിലേക്കിട്ട് വമ്പനെയും വില്ലനെയും വലിച്ചുകയറ്റിയിട്ട് ജംബു ചോദിച്ചു. “എന്താ ഇനിയും മറ്റ് ജീവികളെ ഉപദ്രവിച്ചുകൊണ്ട് ഒറ്റക്ക് പോണോ? ”

വമ്പനും വില്ലനും വേണ്ടെന്ന് തലയാട്ടി .



# നമ്മെ വളർത്തിയ അമ്മയല്ലേ......

ആദിത്യ കെ ആർ



മാനത്തുമിന്നുമൊരുമാരിവില്ലിൻ  മോഹം
മഴയായിമനതാരിൽ  പെയ്തിറങ്ങി
കാലപകർച്ചതൻ  കൂരിരുൾക്കൂട്ടിലാ
കൂട്ട വിട്ടമോഹങ്ങൾന്നുറങ്ങി
വികസനത്തിൻെറ   വികടമാം  മുഖഭാവം
വികൃതമാം രീതിയിൽ വിളങ്ങിട്ടുംപോൽ
ഭീതിയിൽനിന്നൊരാപ്രകൃതിതന്നുടെ
ശാപത്തിൻ ജ്വാലകൾ  പ്രഭചൊരിഞ്ഞു

മാനം കറുത്തു
മഴമേഘമിരുണ്ടു
കാർക്കുന്തലഴിച്ചിട്ടുകാർമേഘവും
കണ്ണുചുവന്നു അരുനാവൊന്നുനീട്ടി
താണ്ഡവമാടി ഭയമൊന്നില്ലാതെ
മഴയിൽകുതിർന്നൊരാ ദൈവത്തിൻ
നാടിനാരഭയം കൊടുക്കുവാനാരുമില്ലെ
കർമ്മഫലത്തിനു തിരിച്ചടിയായിട്ടു
തന്നെയെല്ലാർക്കും ലഭിച്ചതല്ലേ....

വളർന്നുവരുന്നൊരുപുതുതലമുറയ്ക്കു നാം
ബാക്കി നൽകേണ്ടേ നൽസ്വർഗ്ഗത്തിനെ
അരുതരുതീപാപം
അരുതരുതീദോഷം
നമ്മെ വളർത്തിയൊരമ്മയല്ലേ

# മരണസർട്ടിഫിക്കറ്റ്

അനന്യ കെ ദിനേഷ്



ആനന്ദിൻെറ മരണസർട്ടിഫിക്കറ്റ് എന്ന കഥയിൽ തൻെറ സഹോദരൻെറ മരണശേഷം മരണസർട്ടിഫിക്കറ്റ് വാങ്ങാൻ പോവുന്നതാണ് പ്രധാന കഥാതന്തു. കഥാപാത്രങ്ങൾക്ക് പേരില്ല എന്നാണ് കഥയുടെ പ്രത്യേകതയാണ്. പ്രധാന കഥാപാത്രത്തിൻെറ ജീവിതത്തിനൊപ്പം താനുമായി കണ്ടുമുട്ടുന്ന മറ്റു നാലുപേരുടെ കുടുംബവും ഈ കഥയിൽ നമുക്ക് പരിചയപ്പെടുത്തി തരുവാൻ ലേഖകൻ ശ്രമിക്കുന്നു. മരണത്തിൻെറ നിതാന്തസത്യവും സാന്നിധ്യവും ജീവിതത്തിൻെറ അനാഥത്വവും മൂലമുള്ള ഭയാശങ്കകളുടെ ആവിഷ്കാരമാണ് ഈ കൃതിയെന്ന് ഒറ്റവാക്കിൽ പറയാൻ ആകും. മരണപ്പെട്ടുപോയ തൻെറ സഹോദരൻെറ, ഈ ഭൂമിയിൽ ഇദ്ദേഹം ഉണ്ടായിരുന്നെന്ന് തെളിയിക്കുന്നതിനു സ്വയം ഓർമ്മപ്പെടുത്താനുമായിരിക്കാം ലേഖകൻ മരണസർട്ടിഫിക്കറ്റിനു ശ്രമിക്കുന്നത് പക്ഷേ ഒരുപാട് ശ്രമിച്ചിട്ടും അദ്ദേഹത്തിന് അത് ലഭിക്കുന്നില്ല.

നമ്മുടെ നാട്ടിലെ സർക്കാർ ഓഫീസും ഒരു കാര്യത്തിനു നടക്കുമ്പോൾ നമ്മൾ അനുഭവിക്കുന്ന ബുദ്ധിമുട്ടും കണ്ണാടിയിലൂടെ കാണുംവിധം പ്രതിഫലിപ്പിക്കാൻ ലേഖകനു സാധിക്കുന്നു.എനിക്കു തോന്നുന്നു ഒരുപാടു പ്രാവശ്യം നമ്മെ കൊണ്ടു പോകുന്നത് ശ്മശാനത്തിലേക്കാണ്.നമ്മളോരോരുത്തരും അവസാനം എത്തിപ്പെടുന്ന ലോകം അത് എന്ന് വ്യക്തമാക്കിതരുവാനും ജീവിതം എത്ര നിസാരമാണ് എന്ന് നമുക്ക് ബോധ്യപ്പെടുത്തി തരുവാൻ ലേഖകൻ കഥയിലൂടെ ശ്രമിക്കുകയും അതിൽ പരിപൂർണ്ണവിജയം കൈവരിക്കുകയും ചെയ്യുന്നു

# കുഞ്ഞു പട്ടങ്ങൾ

കുട്ടികളുടെ സാങ്കേതികവും ബൗദ്ധികവുമായ കഴിവുകളെ വളർത്തുന്നതിനാണ് ലിറ്റിൽ കൈറ്റ്സ് എന്ന പദ്ധതി സർക്കാർ മുന്നോട്ടുവച്ചിരിക്കുന്നത്. അഭിരുചി പരീക്ഷയിലൂടെ തെരഞ്ഞെടുക്കപ്പെട്ട ഞങ്ങൾ ഒട്ടൊരു ആകാംക്ഷയോടെയാണ് ക്ലാസ്സുകൾക്കായി




കാത്തിരുന്നത്. ലോകത്തിലെ ഏറ്റവും വലിയ ഐ ടി കൂട്ടായ്മയിലെ അംഗങ്ങളാകാൻ കഴിഞ്ഞതിൽ ഞങ്ങൾ അതീവസന്തുഷ്ടരാണ്. ലിറ്റിൽ കൈറ്റ്സ് ബാഡ്ജ് ധരിച്ച് നടക്കുന്നത് ഒരു ഗമ തന്നെയാണ്. വിവര സാങ്കേതിക ഉപകരണങ്ങൾ കൈകാര്യം ചെയ്യാൻ അധ്യാപകരേയും മറ്റു കുട്ടികളേയും ഞങ്ങൾ സഹായിക്കാറുണ്ട് .

കൈറ്റ്സ് മിസ്ട്രസ്സ്മാരായ നളിനി ടീച്ചറും രശ്മി ടീച്ചറും ഞങ്ങൾക്കുവേണ്ടി വളരെ അധികം പ്രയത്നിക്കുന്നുണ്ട്. ആനിമേഷന്റെയും മലയാളം കമ്പ്യൂട്ടിങ്ങിന്റെയും സ്ക്രാച്ചിന്റെയും ക്യാമറയുടെയും പരിശീലന ക്ലാസ്സുകൾ ഞങ്ങൾക്ക് വളരെ അധികം

ഉപയോഗപ്രദമായിട്ടുണ്ട്. ടീച്ചർമാരുടെ പ്രോത്സാഹനവും കുട്ടികളുടെ പ്രയത്നവും മൂലം ഓരോ ക്ലാസ്സും വിജയകരമായി മുന്നോട്ട് പോകുന്നു. ക്ലാസ്സ് റൂമിലെ വിരസമായ അന്തരീക്ഷത്തിൽ നിന്നുള്ള മോചനമാണ് ലിറ്റിൽ കൈറ്റ്സ്. ബുധനാഴ്ച ക്ലാസ്സുകൾക്കായി ഞങ്ങൾ ഓരോരുത്തരും കാത്തിരിക്കുകയാണ്. ചെയ്തു തീരാത്ത പ്രവർത്തനങ്ങൾക്കായി ഞങ്ങൾ ഒഴിവുസമയം വിനിയോഗിക്കുന്നു.



# നന്ദി




**സത്യം പരിശുദ്ധി ആത്മാർത്ഥത ഇവ ആർക്കുണ്ടോ അവരെ കീഴ്പ്പെടുത്താൻ പ്രപഞ്ചത്തിലെ ഒരു ശക്തിക്കും സാധ്യമല്ല.**

**ഉത്തിഷ്ഠത!**

**ജാഗ്രത!**

**പ്രാപ്യവരാൻ നിബോധത!**

